# അദ്ധ്യായം: 78 - അന്നബഅ്

**അവതരണകാലം**

പ്രവാചകന്റെ മക്കാ ജീവിതത്തിന്റെ ആദ്യനാളുകളിൽ അവതരിച്ചതാണെന്ന് മനസ്സിലാക്കാം.

**ഉള്ളടക്കം**

പുനരുത്ഥാനത്തിന്റെയും പരലോകത്തിന്റെയും മരണാനന്തരജീവിതത്തിന്റെയും സ്ഥിരീകരണവും, അതംഗീകരിക്കുന്നതിന്റെയും അംഗീകരിക്കാതിരിക്കുന്നതിന്റെയും അനന്തരഫലങ്ങളെക്കുറിച്ച് ജനങ്ങൾക്കു മുന്നറിയിപ്പ നൽകുകയുമാണ് ഈ അദ്ധ്യായം. വിശുദ്ധ മക്കയിൽ നബി തിരുമേനി ഇസ്‌ലാമിനെ പരിചയപ്പെടുത്താൻ ആരംഭിച്ചപ്പോൾ അതിന്റെ അസ്തിവാരം മൂന്നു കാര്യങ്ങളായിരുന്നു. ഒന്ന്: അല്ലാഹുവിന്റെ കൂടെ ദിവ്യത്വത്തിൽ പങ്കാളികളുണ്ടെന്ന് സമ്മതിക്കാതിരിക്കുക. രണ്ട്: മുഹമ്മദ് നബിയെ അല്ലാഹുവിന്റെ ദൂതനായി അംഗീകരിക്കുക. മൂന്ന്: ഈ ലോകം ഒരിക്കൽ അവസാനിച്ചുപോകുമെന്നും അനന്തരം മറ്റൊരു ലോകം നിലവിൽവരുമെന്നും അതിൽ ആദിമ മനുഷ്യൻ മുതൽ അന്തിമ മനുഷ്യൻ വരെയുള്ള സകലരും പുനരുജ്ജീവിപ്പിക്കപ്പെടുമെന്നും, എന്നിട്ട് അവരുടെ വിശ്വാസങ്ങളും കർമങ്ങളും വിചാരണ ചെയ്യപ്പെടുകയും ആ വിചാരണയിൽ സത്യവിശ്വാസികളും സച്ചരിതരുമെന്ന് തെളിഞ്ഞവർ ശാശ്വതമായ സ്വർഗത്തിലേക്കും, നിഷേധികളും ദുഷ്ടരുമെന്ന് തെളിഞ്ഞവർ ശാശ്വതമായ നരകത്തിലേക്കും അയക്കപ്പെടുമെന്നും വിശ്വസിക്കുക.

ഈ മൂന്നാശയങ്ങളിൽ ഒന്നാമത്തേത് മക്കാനിവാസികൾക്ക് വളരെ അരോചകം തന്നെയായിരുന്നു. എങ്കിലും അവർ അല്ലാഹുവിന്റെ അസ്തിത്വത്തെ നിഷേധിച്ചിരുന്നില്ല. അവൻ പരമേശ്വരനും സ്രഷ്ടാവും അന്നദാതാവുമാണെന്ന് അംഗീകരിക്കുകയും ചെയ്തിരുന്നു. തങ്ങൾ ആരാധിച്ചുവരുന്ന മറ്റു ദൈവങ്ങളെല്ലാം അല്ലാഹുവിന്റെ സൃഷ്ടികളാണെന്നും സമ്മതിച്ചിരുന്നു. തർക്കമുണ്ടായിരുന്നത് അല്ലാഹുവിന്റെ ഗുണങ്ങളിലും അധികാരങ്ങളിലും ദിവ്യസത്തയിലും അവന് വേറെ പങ്കാളികളുണ്ടോ ഇല്ലേ എന്ന കാര്യത്തിൽ മാത്രമായിരുന്നു. മക്കക്കാർ അംഗീകരിക്കാൻ തയ്യാറില്ലാതിരുന്നതും എന്നാൽ നിഷേധിക്കാൻ അവർക്കസാധ്യവുമായിരുന്ന മറ്റൊരു സംഗതി ഇതായിരുന്നു: പ്രവാചകത്വവാദം ഉന്നയിക്കുന്നതിനു മുമ്പ് മുഹമ്മദ് നബി 40 വർഷക്കാലം അവർക്കിടയിൽതന്നെയാണ് ജീവിച്ചിരുന്നത്. അദ്ദേഹം ഒരു വ്യാജനോ തട്ടിപ്പുകാരനോ സ്വാർഥലാഭങ്ങൾക്കുവേണ്ടി അവിഹിതമാർഗങ്ങളവലംബിക്കുന്നവനോ ആണെന്ന് അന്നൊന്നും ഒരിക്കലും അവർക്കനുഭവപ്പെട്ടിട്ടില്ല. അദ്ദേഹത്തിന്റെ ജ്ഞാനത്തെയും വിവേകത്തെയും അഭിപ്രായസുബദ്ധതയെയും ഉയർന്ന ധർമനിഷ്ഠയെയും അവർതന്നെ തലകുലുക്കി സമ്മതിച്ചിരുന്നതാണ്. തന്മൂലം, തിരുമേനിയുടെ എല്ലാ ഇടപാടുകളും ന്യായവും സത്യസന്ധവുമാണെന്നും, എന്നാൽ അദ്ദേഹത്തിന്റെ പ്രവാചകത്വം മാത്രം കള്ളമാണെന്നും മറ്റുള്ളവരെ വിശ്വസിപ്പിക്കുന്നതിരിക്കട്ടെ, തങ്ങളെത്തന്നെ വിശ്വസിപ്പിക്കുകയെന്നത് ആയിരക്കണക്കിന് ആരോപണങ്ങൾ കെട്ടിച്ചമച്ചിട്ടും അവർക്ക് അത്യന്തം ക്ലേശകരമായിരുന്നു. ഈ നിലയ്ക്ക് ആദ്യത്തെ രണ്ടു കാര്യങ്ങൾ ഈ മൂന്നാമത്തെ മരണാനന്തര ജീവിതത്തിന്റെയും രക്ഷാ ശിക്ഷയുടെയും അത്ര തന്നെ മക്കാവാസികളെ സംബന്ധിച്ചിടത്തോളം സങ്കീർണമായിരുന്നില്ല. അദ്ദേഹത്തെ കണ്ടുമുട്ടുമ്പോൾ അവർ ഏറ്റവുമധികം പരിഹസിച്ചിരുന്നത് ഈ ആശയത്തെയാണ്. അതിലവർ അദ്ഭുതവും പരിഭ്രാന്തിയും പ്രകടിപ്പിച്ചു. ബുദ്ധിക്ക് നിരക്കാത്തതും അസംഭവ്യവുമായ കാര്യമെന്നു ഗണിച്ചുകൊണ്ട്, വിശ്വസിക്കാനാവാത്തത് എന്നല്ല, സങ്കൽപിക്കാനേ പറ്റാത്ത കാര്യം എന്ന മട്ടിൽ എങ്ങും ചർച്ചകൾ നടന്നുവന്നു. ഈ പാശ്ചാത്തലം ഗ്രഹിച്ചശേഷം ഈ സൂറയുടെ ഉള്ളടക്കം സമഗ്രമായി ഒന്ന് നിരീക്ഷിക്കുക.

ഇതിലാദ്യം പരാമർശിക്കുന്നത്, പുനരുത്ഥാന വൃത്താന്തം കേട്ട നിഷേധികൾ മക്കയുടെ മുക്കുമൂലകളിലും അങ്ങാടികളിലും സഭകളിലും എല്ലാം നിരന്തരം നടത്തിക്കൊണ്ടിരുന്ന ചർച്ചകളെയും പിറുപിറുപ്പുകളെയുമാണ്. അനന്തരം നിഷേധികളോട് ചോദിക്കുന്നു: 'നാം നിങ്ങൾക്കായി വിരിച്ചുതന്ന ഈ ഭൂമി നിങ്ങൾ കാണുന്നില്ലേ? ഭൂമിയിൽ ഉറപ്പിച്ചുവെച്ച ഉയർന്ന പർവതങ്ങളെയും? നാം നിങ്ങളെ സ്ത്രീ-പുരുഷ ജോഡികളായി സൃഷ്ടിച്ചിട്ടുള്ളതെവ്വിധമാണെന്ന് ചിന്തിക്കുന്നില്ലേ? നിങ്ങളുടെ നിദ്രയെക്കുറിച്ചാലോചിച്ചിട്ടുണ്ടോ? നിങ്ങളെ ഈ ലോകത്ത് പ്രവർത്തനയോഗ്യരായി നിലനിർത്തുന്നതിനുള്ള ഉപാധിയാണത്. ഏതാനും മണിക്കൂറുകളിലെ അധ്വാനത്തിനുശേഷം ഏതാനും മണിക്കൂറുകളിൽ വിശ്രമിക്കാൻ നിങ്ങളെ നിർബന്ധിതരാക്കുന്നു. നിങ്ങളുടെ

ആവശ്യങ്ങൾക്ക് തികച്ചും ഇണങ്ങുന്ന വിധത്തിൽ നാം ചിട്ടയോടെ നിരന്തരം നടത്തിക്കൊണ്ടിരിക്കുന്ന രാപകലുകളുടെ പോക്കുവരവുകൾ നിങ്ങൾ കാണുന്നില്ലേ? നിങ്ങൾക്കു മീതെ ഭദ്രമായി ഉറപ്പിച്ചുനിർത്തിയിട്ടുള്ള വാനലോക സംവിധാനം കാണുന്നില്ലേ? നിങ്ങൾക്ക് ചൂടും വെളിച്ചവും ചൊരിഞ്ഞുതരുന്ന സൂര്യനെക്കുറിച്ച് ചിന്തിച്ചിട്ടില്ലേ? മഴയായി വർഷിക്കുകയും അങ്ങനെ ധാന്യങ്ങളും പച്ചക്കറികളും ഇടതിങ്ങിയ തോട്ടങ്ങളും വളർന്നുവരാൻ ഇടയാക്കുകയും ചെയ്യുന്ന മേഘങ്ങളെ കണ്ടിട്ടില്ലേ? ഇതെല്ലാം സൃഷ്ടിച്ച സർവശക്തൻ പുനരുത്ഥാനം സംഭവിപ്പിക്കാൻ അശക്തനായിരിക്കുമെന്നതുതന്നെയാണോ ഈ പ്രാപഞ്ചിക സത്യങ്ങളെല്ലാം നിങ്ങളോടു പറയുന്നത്? ഈ പ്രവർത്തനശാലയഖിലം തെളിഞ്ഞുനിൽക്കുന്ന അത്യുന്നത യുക്തിയുടെയും ജ്ഞാനത്തിന്റെയും പ്രവർത്തനം കാണുമ്പോൾ നിങ്ങൾക്കെന്തു തോന്നുന്നു? ഈ പ്രവർത്തനശാലയുടെ ഓരോ ഘടകവും ഓരോരോ പ്രവർത്തനവും തികച്ചും ലക്ഷ്യാധിഷ്ഠിതമാണെങ്കിലും ഈ തൊഴിൽശാല മൊത്തത്തിൽ ലക്ഷ്യരഹിതവും ഉദ്ദേശ്യശൂന്യവുമാണെന്നാണോ? ഈ പ്രവർത്തനശാലയിൽ ഒരു മേൽനോട്ടക്കാരന്റെ പദവിയിൽ നിയോഗിക്കപ്പെടുകയും വിപുലമായ അധികാര-സ്വാതന്ത്ര്യങ്ങൾ നൽകപ്പെടുകയും ചെയ്ത മനുഷ്യൻ തന്റെ കടമ പൂർത്തിയാക്കി ഇവിടെനിന്ന് വിരമിച്ചാൽ വെറുതെയങ്ങ് ഉപേക്ഷിക്കപ്പെടുക എന്നതിൽപരം അവിവേകവും അർഥ രഹിതമായ കാര്യം മറ്റെന്തുണ്ട്? അയാളുടെ മികച്ച പ്രവർത്തനം അംഗീകാരവും പുരസ്കാരവും അർഹിക്കുന്നില്ലേ? അയാളുടെ തെറ്റായ നടപടികൾക്ക് വിചാരണയും ശിക്ഷയും വേണ്ടതല്ലേ?

ഈ തെളിവുകൾ നിരത്തിയശേഷം വിധിദിനം അതിന്റെ നിർണിതമായ സമയത്ത് വന്നെത്തുകതന്നെ ചെയ്യുമെന്ന് ശക്തമായി ഊന്നിപ്പറഞ്ഞിരിക്കുന്നു. കാഹളത്തിൽ ഒന്ന് ഊതേണ്ട താമസം നിങ്ങൾക്ക് താക്കീതു ചെയ്യപ്പെട്ട കാര്യങ്ങളെല്ലാം കൺമുമ്പിൽ പ്രത്യക്ഷപ്പെടുകയായി. ഇനി നിങ്ങൾക്ക് വിശ്വസിക്കുകയോ വിശ്വസിക്കാതിരിക്കുകയോ ചെയ്യാം. നിങ്ങൾ മരിച്ചു മണ്ണടിഞ്ഞുപോയത് എവിടെയാണെങ്കിലും അവിടെനിന്ന് അന്ന് നിങ്ങൾ വിചാരണാവിധേയരാകാൻ കൂട്ടംകൂട്ടമായി എഴുന്നേറ്റുവരും. നിങ്ങളുടെ നിഷേധത്തിന് അതിന്റെ ആഗമനത്തെ ഒട്ടും തടയാനാവില്ല.

അനന്തരം 21 മുതൽ 30 വരെ സൂക്തങ്ങളിൽ പറയുന്നു: കർമപുസ്തകം പ്രതീക്ഷിക്കാത്തവരും നമ്മുടെ സൂക്തങ്ങളെ തള്ളിപ്പറഞ്ഞവരുമുണ്ടല്ലോ, അവരുടെ ഓരോരോ ചെയ്തികളും നമ്മുടെ സന്നിധിയിൽ എണ്ണിയെണ്ണി രേഖപ്പെടുത്തി വെച്ചിട്ടുണ്ട്. അവർ താക്കീതു ചെയ്യപ്പെട്ട നരകം അവരെ ഗ്രസിക്കാൻ തയ്യാറായി നിൽക്കുന്നു. അവിടെ അവരുടെ പ്രവൃത്തികൾക്ക് തികഞ്ഞ പ്രതിഫലം ലഭിക്കുന്നതാണ്.

തുടർന്ന് 31-36 സൂക്തങ്ങളിൽ, ഉത്തരവാദിത്വം ചുമത്തപ്പെട്ടവരും വിചാരണ ചെയ്യപ്പെടുന്നവരുമാണെന്ന ബോധത്തോടെ നേരത്തെത്തന്നെ പാരത്രിക ജീവിതം വിജയകരമാക്കുന്നതിനുവേണ്ടി പരിശ്രമിച്ചവർക്കുള്ള വിശിഷ്ട സമ്മാനങ്ങൾ വിവരിക്കുന്നു. അവരുടെ കർമങ്ങൾക്കുള്ള പ്രതിഫലം മാത്രമല്ല അവർക്ക് ലഭിക്കുകയെന്നും അതോടൊപ്പം വിശിഷ്ടമായ ധാരാളം സമ്മാനങ്ങളും ലഭിക്കുമെന്നും ഉറപ്പുനൽകുകയും ചെയ്യുന്നു. ഒടുവിൽ ദൈവിക കോടതിയിൽ ആരെങ്കിലും സമ്മർദം ചെലുത്തിയോ, തങ്ങളുടെ ആശ്രിതർക്ക് ആനുകൂല്യം നേടിക്കൊടുത്തോ ആരെയും വിട്ടയക്കുന്ന പ്രശ്നമേയുദിക്കുന്നില്ലെന്നും. അനുമതിയില്ലാതെ ആർക്കും അവിടെ നാവനക്കാനേ കഴിയില്ലെന്നും. വല്ലവർക്കും അനുമതി ലഭിക്കുകയാണെങ്കിൽതന്നെ അത് സോപാധികമായിരിക്കുമെന്നും വ്യക്തമാക്കുന്നു.

തുടർന്ന് ഇപ്രകാരം താക്കീതു ചെയ്തുകൊണ്ടാണ് പ്രഭാഷണം അവസാനിപ്പിക്കുന്നത്: വരാനിരിക്കുന്നു എന്ന് മുന്നറിയിപ്പു നൽകുന്ന ആ ദിവസം വരുമെന്നുള്ളത് യാഥാർഥ്യം തന്നെയാകുന്നു. അത് വിദൂരമാണെന്നു വിചാരിക്കേണ്ട. സമീപസ്ഥം തന്നെയാണത്. ഇനി ഇഷ്ടമുള്ളവർക്ക് അതംഗീകരിച്ച് തന്റെ നാഥന്റെ മാർഗം കൈക്കൊള്ളാം. എന്നാൽ, ഈ മുന്നറിയിപ്പു കിട്ടിയിട്ടും അതിനെ നിഷേധിക്കുന്നവന്റെ കർമങ്ങളെല്ലാം സ്വന്തം കൺമുന്നിൽ വരുമ്പോൾ നെടുംഖേദത്തോടെ അവൻ പറയും: 'കഷ്ടം, ഞാൻ ഈ ലോകത്ത് ജനിക്കുകയേ ചെയ്തിട്ടില്ലായിരുന്നുവെങ്കിൽ എത്ര നന്നായേനെ!' അതെ, ഇന്നവനെ അനുരാഗമുഗ്ധനാക്കിയിട്ടുള്ള ഇതേ ഭൗതികലോകത്തെക്കുറിച്ച് അന്നവനുണ്ടാകുന്ന മനോഭാവം അതായിരിക്കും.

# سُورَةُ النَّبَإِ

بِسْمِ ٱللَّهِ ٱلرَّحْمَـٰنِ ٱلرَّحِيمِ

عَمَّ يَتَسَآءَلُونَ ﴿١﴾ عَنِ ٱلنَّبَإِ ٱلْعَظِيمِ ﴿٢﴾ ٱلَّذِى هُمْ فِيهِ مُخْتَلِفُونَ ﴿٣﴾ كَلَّا سَيَعْلَمُونَ ﴿٤﴾
ثُمَّ كَلَّا سَيَعْلَمُونَ ﴿٥﴾ أَلَمْ نَجْعَلِ ٱلْأَرْضَ مِهَـٰدًا ﴿٦﴾ وَٱلْجِبَالَ أَوْتَادًا ﴿٧﴾ وَخَلَقْنَـٰكُمْ
أَزْوَٰجًا ﴿٨﴾ وَجَعَلْنَا نَوْمَكُمْ سُبَاتًا ﴿٩﴾ وَجَعَلْنَا ٱلَّيْلَ لِبَاسًا ﴿١٠﴾ وَجَعَلْنَا ٱلنَّهَارَ مَعَاشًا ﴿١١﴾
وَبَنَيْنَا فَوْقَكُمْ سَبْعًا شِدَادًا ﴿١٢﴾ وَجَعَلْنَا سِرَاجًا وَهَّاجًا ﴿١٣﴾ وَأَنزَلْنَا مِنَ ٱلْمُعْصِرَٰتِ مَآءً
ثَجَّاجًا ﴿١٤﴾ لِّنُخْرِجَ بِهِۦ حَبًّا وَنَبَاتًا ﴿١٥﴾ وَجَنَّـٰتٍ أَلْفَافًا ﴿١٦﴾ إِنَّ يَوْمَ ٱلْفَصْلِ كَانَ مِيقَـٰتًا ﴿١٧﴾
يَوْمَ يُنفَخُ فِى ٱلصُّورِ فَتَأْتُونَ أَفْوَاجًا ﴿١٨﴾ وَفُتِحَتِ ٱلسَّمَآءُ فَكَانَتْ أَبْوَٰبًا ﴿١٩﴾ وَسُيِّرَتِ ٱلْجِبَالُ
فَكَانَتْ سَرَابًا ﴿٢٠﴾ إِنَّ جَهَنَّمَ كَانَتْ مِرْصَادًا ﴿٢١﴾ لِّلطَّـٰغِينَ مَـَٔابًا ﴿٢٢﴾ لَّـٰبِثِينَ فِيهَآ أَحْقَابًا ﴿٢٣﴾
لَّا يَذُوقُونَ فِيهَا بَرْدًا وَلَا شَرَابًا ﴿٢٤﴾ إِلَّا حَمِيمًا وَغَسَّاقًا ﴿٢٥﴾ جَزَآءً وِفَاقًا ﴿٢٦﴾ إِنَّهُمْ كَانُوا۟
لَا يَرْجُونَ حِسَابًا ﴿٢٧﴾ وَكَذَّبُوا۟ بِـَٔايَـٰتِنَا كِذَّابًا ﴿٢٨﴾ وَكُلَّ شَىْءٍ أَحْصَيْنَـٰهُ كِتَـٰبًا ﴿٢٩﴾ فَذُوقُوا۟
فَلَن نَّزِيدَكُمْ إِلَّا عَذَابًا ﴿٣٠﴾ إِنَّ لِلْمُتَّقِينَ مَفَازًا ﴿٣١﴾ حَدَآئِقَ وَأَعْنَـٰبًا ﴿٣٢﴾ وَكَوَاعِبَ أَتْرَابًا ﴿٣٣﴾
وَكَأْسًا دِهَاقًا ﴿٣٤﴾ لَّا يَسْمَعُونَ فِيهَا لَغْوًا وَلَا كِذَّٰبًا ﴿٣٥﴾ جَزَآءً مِّن رَّبِّكَ عَطَآءً حِسَابًا ﴿٣٦﴾ رَّبِّ
ٱلسَّمَـٰوَٰتِ وَٱلْأَرْضِ وَمَا بَيْنَهُمَا ٱلرَّحْمَـٰنِ ۖ لَا يَمْلِكُونَ مِنْهُ خِطَابًا ﴿٣٧﴾ يَوْمَ يَقُومُ ٱلرُّوحُ
وَٱلْمَلَـٰٓئِكَةُ صَفًّا ۖ لَّا يَتَكَلَّمُونَ إِلَّا مَنْ أَذِنَ لَهُ ٱلرَّحْمَـٰنُ وَقَالَ صَوَابًا ﴿٣٨﴾ ذَٰلِكَ ٱلْيَوْمُ ٱلْحَقُّ ۖ فَمَن شَآءَ
ٱتَّخَذَ إِلَىٰ رَبِّهِۦ مَـَٔابًا ﴿٣٩﴾ إِنَّآ أَنذَرْنَـٰكُمْ عَذَابًا قَرِيبًا يَوْمَ يَنظُرُ ٱلْمَرْءُ مَا قَدَّمَتْ يَدَاهُ
وَيَقُولُ ٱلْكَافِرُ يَـٰلَيْتَنِى كُنتُ تُرَٰبًۢا ﴿٤٠﴾

| عَمَّ يَتَسَاءَلُونَ﴿١﴾<br>അമ്മ യത സാഅലൂൻ | |
|---|---|
| يَتَسَاءَلُونَ | عَمَّ |
| അമ്മ | യത സാഅലൂൻ |
| അവരന്യോന്യം ചോദിച്ചുകൊണ്ടിരിക്കുന്നത് | ഏതിനെപ്പറ്റിയാണ് |

**1- ഏതിനെപ്പറ്റിയാണ് അവരന്യോന്യം ചോദിച്ചുകൊണ്ടിരിക്കുന്നത്?**

| عَنِ النَّبَإِ الْعَظِيمِ﴿٢﴾<br>അനിന്നബഇൽ അളീം | |
|---|---|
| الْعَظِيمِ | عَنِ النَّبَإِ |
| അൽ അളീം | അനിന്നബഇ |
| അതിഭയങ്കരമായ | വാർത്തയെപ്പറ്റി |

**2- അതിഭയങ്കരമായ വാർത്തയെപ്പറ്റി.**

മഹാവാർത്ത എന്നതുകൊണ്ടുദ്ദേശ്യം ഉയിർത്തെഴുന്നേൽപിന്റെയും പരലോകത്തിന്റെയും വാർത്തയാണ്. അതേക്കുറിച്ചാണ് മക്കയിലെ ഖുറൈശികൾ അവരുടെ സഭകളിലൊക്കെ കണ്ണിറുക്കിക്കാട്ടി പിറുപിറുത്തിരുന്നത്. ഒരുവൻ അപരനെ കാണുമ്പോൾ ചോദിക്കുന്നു: 'മരിച്ചവർ വല്ലവരും പുനരുജ്ജീവിച്ചതായി മുമ്പെങ്ങാനും താൻ കേട്ടിട്ടുണ്ടോ ചങ്ങാതീ? ദ്രവിച്ച് ധൂളിയായിപ്പോയ ജഡങ്ങൾ വീണ്ടും ജീവനുള്ള മനുഷ്യരായി എഴുന്നേറ്റ് വരുമെന്നത് വിശ്വസിക്കാൻ കൊള്ളുന്ന കാര്യമാണോ? മനുഷ്യവംശം ഒന്നടങ്കം ഒരു നാൾ ഉയിർത്തെഴുന്നേറ്റ് ഒരിടത്ത് സമ്മേളിക്കുക എന്നത് ബുദ്ധിക്കു നിരക്കുന്നുണ്ടോ? അടിയുറച്ചു നിൽക്കുന്ന ഈ മഹാപർവതങ്ങളൊക്കെ കാറ്റിൽ ചിതറിയ രോമങ്ങൾ പോലെ അന്തരീക്ഷത്തിൽ പറന്നുനടക്കുമത്രേ! സൂര്യചന്ദ്രന്മാർ കെട്ടുപോകുമെന്ന്! സുഭദ്രമായ ഈ പ്രാപഞ്ചിക വ്യവസ്ഥ ഒന്നായി താറുമാറാകുംപോൽ! ഇന്നലെവരെ നല്ല വിവരസ്ഥനും വിവേകിയുമായിരുന്ന ഇയാൾക്കിത് ഇന്നെന്തു പറ്റിപ്പോയി? അയാൾ എത്ര വിചിത്രമായ കാര്യങ്ങളാണ് നമ്മോടു പറയുന്നത്? ഈ സ്വർഗ നരകങ്ങളൊക്കെ പണ്ടെവിടെയായിരുന്നു? അതെക്കുറിച്ചൊന്നും മുമ്പൊരിക്കലും അയാൾ പറയുന്നത് കേട്ടിട്ടില്ലല്ലോ! അയാൾ വിചിത്രവും അപരിചിതവുമായ വർണനകളിലൂടെ നമ്മുടെ മുമ്പിൽ ചിത്രീകരിക്കുന്ന ഈ പ്രതിഭാസങ്ങളൊക്കെ ഇപ്പോൾ ഒറ്റവീർപ്പിന് എവിടെനിന്നാണിങ്ങു പൊട്ടിപ്പുറപ്പെട്ടത്?'

| الَّذِي هُمْ فِيهِ مُخْتَلِفُونَ﴿٣﴾<br>അല്ലദീ ഹും ഫീഹി മുക്തലിഫൂൻ | | | |
|---|---|---|---|
| مُخْتَلِفُونَ | فِيهِ | هُمْ | الَّذِي |
| മുക്തലിഫൂൻ | ഫീഹി | ഹും | അല്ലദീ |
| ഭിന്നാഭിപ്രായക്കാർ | അതിൽ | അവർ | എങ്ങിനെയുള്ള |

**3- അതിലവർ ഭിന്നാഭിപ്രായക്കാരാണ്.**

യഥാർത്ഥത്തിൽ ഭൗതികലോകത്തിന്റെ പര്യവസാനത്തെക്കുറിച്ച് നിഷേധിക്കുന്ന ഇക്കൂട്ടർക്ക് ഏകകണ്ഠമായ ഒരു വിശ്വാസപ്രമാണമില്ല. അതേപ്പറ്റി അവർ വിഭിന്നമായ ധാരണകളാണ് പുലർത്തുന്നത്. അവരിൽ ചിലർ ക്രൈസ്തവ സങ്കൽപങ്ങളാൽ സ്വാധീനിക്കപ്പെട്ട് മരണാനന്തരജീവിതത്തെ അംഗീകരിക്കുന്നുണ്ട്. പക്ഷേ, ആ പുനർജീവിതം ശാരീരികമാവില്ല, ആത്മീയം മാത്രമായിരിക്കുമെന്നാണവർ കരുതുന്നത്. ചിലർ പരലോകത്തെ

ഖണ്ഡിതമായി നിഷേധിക്കുന്നില്ല. അതുണ്ടോ ഇല്ലേ എന്ന സംശയത്തിലാണവർ. ഖുർആൻ അവരുടെ വാദത്തെ ഇങ്ങനെ ഉദ്ധരിച്ചിട്ടുണ്ട്: ''ഞങ്ങൾക്ക് ഒരു ഊഹം മാത്രമേയുള്ളൂ. ഞങ്ങൾ ഉറപ്പാക്കുന്നില്ല.'' വേറെ ചിലർ അസന്ദിഗ്ധമായി പറഞ്ഞിരുന്നു: ''ഉള്ളത് ഈ ഭൗതികജീവിതം മാത്രം. ഇനി നമുക്കൊരു ഉയിർത്തെഴുന്നേൽപൊന്നും ഉണ്ടാകാൻ പോകുന്നില്ല''. അവരിൽ ചിലർ നാസ്തികരായിരുന്നു. അവർ പറഞ്ഞു: ''നാം ജീവിക്കുകയും മരിക്കുകയും ചെയ്യുന്ന ഈ ഭൗതികജീവിതമല്ലാതെ മറ്റൊന്നുമില്ല. കാലചക്രമാണ് നമ്മെ മരിപ്പിച്ചുകൊണ്ടിരിക്കുന്നത്''. ചിലർ നാസ്തികരായിരുന്നില്ലെങ്കിലും മരണാനന്തരജീവിതം അസംഭവ്യമാണെന്നു വിശ്വസിച്ചു. മരിച്ചുപോയവരെ വീണ്ടും ജീവിപ്പിച്ചെഴുന്നേൽപിക്കുന്നത് അവരുടെ ദൃഷ്ടിയിൽ ദൈവത്തിന്റെയും കഴിവിന്നതീതമായ കാര്യമാണ്. അവർ ചോദിച്ചു: ''ദ്രവിച്ചുപോയ അസ്ഥികളെ ആർക്കാണ് ജീവിപ്പിക്കാനാവുക?''. എന്നാൽ, അവർ കേവലം നിഗമനങ്ങൾ രൂപീകരിക്കുകയായിരുന്നുവെന്നും ഈ വിഷയകമായി അവർക്ക് ആധികാരികമായ ഒരു ജ്ഞാനവുമുണ്ടായിരുന്നില്ലെന്നുമാണ് ഈ ഭിന്നവിരുദ്ധ നിലപാടുകൾ ചൂണ്ടിക്കാണിക്കുന്നത്. അങ്ങനെ വല്ലതും ഉണ്ടായിരുന്നുവെങ്കിൽ എല്ലാവരും ഒരേ വാദക്കാരാകുമായിരുന്നുവല്ലോ.

| كَلَّا سَيَعْلَمُونَ ﴿٤﴾<br>കല്ലാ സയഅലമൂൻ | |
|---|---|
| سَيَعْلَمُونَ | كَلَّا |
| സയഅലമൂൻ | കല്ലാ |
| വൈകാതെ അവരറിയുകതന്നെ ചെയ്യും | വേണ്ട |

**4- വേണ്ട; വൈകാതെ അവരറിയുകതന്നെ ചെയ്യും.**

| ثُمَّ كَلَّا سَيَعْلَمُونَ ﴿٥﴾<br>സുമ്മ കല്ലാ സയഅലമൂൻ | |
|---|---|
| سَيَعْلَمُونَ | ثُمَّ كَلَّا |
| സയഅലമൂൻ | സുമ്മ കല്ലാ |
| അവരറിയുകതന്നെ ചെയ്യും | പിന്നെയും വേണ്ട |

**5- വേണ്ടേ വേണ്ട; ഉറപ്പായും അവരറിയും.**


ഇന്നിവർ പരിഹസിക്കുകയും കളവാക്കിക്കൊണ്ടിരിക്കുകയും ചെയ്യുന്നത് യാഥാർഥ്യമായി മുന്നിൽ സമാഗതമാകുന്ന കാലം അത്ര വിദൂരമൊന്നുമല്ല. ദൈവദൂതൻ നൽകിയ മുന്നറിയിപ്പുകൾ ശരിതന്നെയായിരുന്നുവെന്ന് അന്നവർക്ക് ബോധ്യമാകും; അനുമാനങ്ങളിലൂടെയും നിഗമനങ്ങളിലൂടെയും തങ്ങൾ കരുപ്പിടിപ്പിച്ചിരുന്ന ധാരണകളെല്ലാം കേവലം മിഥ്യയായിരുന്നുവെന്നും.

| أَلَمْ نَجْعَلِ الْأَرْضَ مِهَادًا ﴿٨﴾<br>അലം നജ്അലിൽ അർദ മിഹാദാ | | |
|---|---|---|
| مِهَادًا | الْأَرْضَ | أَلَمْ نَجْعَل |
| മിഹാദാ | അൽ അർദ | അലം നജ്അൽ |
| മെത്ത | ഭൂമിയെ അന്നേ ദിനം | നാം ആക്കിയില്ലേ |

**6- ഭൂമിയെ നാം മെത്തയാക്കിയില്ലേ?**

ഭൂമിയെ മനുഷ്യന് ഒരു വിരിപ്പ് അഥവാ സുഖകരമായ വാസസ്ഥാനമാക്കുന്നതിൽ പ്രവർത്തിച്ച കഴിവിന്റെയും യുക്തിയുടെയും മികവുകളെക്കുറിച്ച് ഖുർആനിൽ പലയിടത്തും വിസ്തരിച്ചിട്ടുണ്ട്. പരലോകം യുക്തിസഹവും സംഭവ്യവുമാണെന്നുള്ളതിന്റെ ഒരു തെളിവാണിത്. ഇതൊരു ഭൂഗോളം മാത്രം. അത് കോടാനുകോടി വർഷങ്ങളായി അറ്റമില്ലാത്ത സൃഷ്ടികളെ തന്റെ മടിത്തട്ടിൽ വഹിക്കുന്നു. സകലയിനം സസ്യങ്ങളും ജന്തുജാലങ്ങളും മനുഷ്യരും അതിന്മേൽ ജീവിക്കുന്നു. എല്ലാവരുടെയും ആവശ്യങ്ങൾ നിവർത്തിക്കുന്നതിനുവേണ്ടി അതിന്റെ ഉദരത്തിൽനിന്ന് പലതരം അക്ഷയനിധികൾ പുറപ്പെടുവിച്ചുകൊണ്ടേയിരിക്കുന്നു. എല്ലാ സൃഷ്ടികളിൽനിന്നും കണക്കറ്റ അംഗങ്ങൾ ദിനേന മരിച്ചുപോയ്ക്കൊണ്ടിരിക്കുന്നതും ഇതേ ഭൂമിയിൽതന്നെ. പക്ഷേ, എല്ലാവരുടെയും ജഡങ്ങൾ ഈ ഭൂമിയിൽത്തന്നെ അടക്കപ്പെടുവാൻ വേണ്ട സംവിധാനങ്ങളുമുണ്ട്. ഈ ഭൂമിയെ അവൻ കളിപ്പന്തുപോലെ ബാഹ്യവശം സമതലമാക്കിയില്ല. അതിൽ അവിടവിടെ കുന്നുകളും പർവതനിരകളും കൊടുമുടികളും സ്ഥാപിച്ചിരിക്കുന്നു. ഋതുഭേദങ്ങളിലും മഴ വർഷിക്കുന്നതിലും നദികളുണ്ടാവുന്നതിലും ഫലഭൂയിഷ്ഠമായ താഴ്‌വരകളുടെ നിലനിൽപിലും ബലിഷ്ഠമായ തടികൾ നൽകുന്ന വൃക്ഷങ്ങൾ വളരുന്നതിലും വിവിധതരം ഖനിജങ്ങളും കല്ലുകളുമൊരുക്കുന്നതിലും അവയ്ക്ക് വിപുലമായ സ്വാധീനമുണ്ട്. ഈ ഭൂമിക്കുള്ളിൽ ശുദ്ധജലമുണ്ടാക്കിയിരിക്കുന്നു. ഭൂമിക്കകത്തുതന്നെ ശുദ്ധജല നദികളൊഴുക്കിയിരിക്കുന്നു. സമുദ്രത്തിലെ ഉപ്പുവെള്ളത്തിൽനിന്ന് സംശുദ്ധമായ നീരാവിയുയർത്തി ആകാശത്തുനിന്നും ശുദ്ധജലം പ്രവഹിക്കാനുള്ള ഏർപ്പാടുകൾ ചെയ്തിരിക്കുന്നു. ഇതെല്ലാം നിർമിച്ചിട്ടുള്ളത് ഒരു സർവശക്തനാണെന്ന് നമ്മെ ബോധ്യപ്പെടുത്തുന്നില്ലേ?

അതിസമർഥമാംവണ്ണം ഔചിത്യപൂർണ്ണമായ പരസ്പര ബന്ധത്തോടെ സ്ഥാപിക്കപ്പെട്ട ഈ മൺഗോളത്തിന്റെ വിശദാംശങ്ങളെക്കുറിച്ച ചിന്തിച്ചുനോക്കുന്നവരുടെ ബുദ്ധി ക്ഷീണിച്ചുപോവുകയും യുക്തിസമ്പൂർണനും സർവ്വജ്ഞാനിയുമായ ഒരു പരമേശ്വരന്റെ ആസൂത്രണമില്ലാതെ ഇതു നിലനിൽക്കുക സാധ്യമല്ലെന്ന് ബോധ്യപ്പെടുകയും ചെയ്യും. ഈ ഭൂഗോളം ശൂന്യാന്തരീക്ഷത്തിൽ തൂങ്ങിക്കിടക്കുകയാണ്. യാതൊന്നും അതിനെ താങ്ങിനിർത്തുന്നില്ല. എന്നിട്ടും അതു കുലുങ്ങുകയോ ഉലയുകയോ ചെയ്യുന്നില്ല. ഭൂമിക്ക് ഒരു ചെറിയ കുലുക്കം ഉണ്ടാവുകയാണെങ്കിൽ അതിന്റെ വിപൽഫലങ്ങളെന്തായിരിക്കുമെന്ന്, വല്ലപ്പോഴും ഉണ്ടാകുന്ന ഭൂകമ്പങ്ങളിലൂടെ നാം മനസ്സിലാക്കിയിട്ടുള്ളതാണല്ലോ. ഭൂമി ഒട്ടാകെ കുലുങ്ങിക്കൊണ്ടിരിക്കുകയാണെങ്കിൽ ഒറ്റ ജീവജാലത്തിനും ഇവിടെ അധിവസിക്കുക സാധ്യമല്ലാതാകും. ഈ ഗോളം വ്യവസ്ഥാപിതമായി സൂര്യനെ അഭിമുഖീകരിക്കുകയും പിന്നിടുകയും ചെയ്യുന്നു. അതുവഴിയാണ് രാപ്പകൽ അനുഭവപ്പെടുന്നത്. ഇത് ഏകദിശയിൽ സ്ഥിരമായി നിൽക്കുകയായിരുന്നുവെങ്കിൽ ഭൂമിയുടെ ഒരു വശം സദാ പകലും മറുവശം സദാ രാത്രിയും ആകുമായിരുന്നു. അപ്പോഴും അത് അധിവാസയോഗ്യമല്ലാതാകും. ഇരുളും തണുപ്പും കാരണം ഭൂമിയുടെ ഒരു വശത്ത് സസ്യങ്ങൾ മുളക്കുകയോ ജീവികളുണ്ടാവുകയോ ചെയ്യുകയില്ല. സ്ഥിരമായി സൂര്യതാപമേറ്റുകൊണ്ടിരിക്കുന്നതിനാൽ ജലശൂന്യമാകുന്ന മറുവശവും അധിവാസയോഗ്യമല്ലാതാകുന്നു.



ഈ ഭൂമി ഗോളത്തിനു ചുറ്റും അഞ്ഞൂറുമൈൽ ഉയരം വരെ ഒരു അന്തരീക്ഷമണ്ഡലമുണ്ട്. ഈ കവചമാണ് ആപൽക്കരമായ ഉൽക്കവർഷത്തിൽനിന്നും ഉപദ്രവകരമായ രശ്മികളിൽനിന്നും ഈ ഗോളത്തെ സംരക്ഷിച്ചുകൊണ്ടിരിക്കുന്നത്. അതില്ലായിരുന്നുവെങ്കിൽ സെക്കന്റിൽ മുപ്പത് മൈൽ വേഗത്തിൽ ഭൂമിക്കു നേരെ

പാഞ്ഞടുത്തുകൊണ്ടിരിക്കുന്ന ഉൽക്കകൾ നിരന്തരം വന്നുപതിക്കുകമൂലം ഇവിടം മനുഷ്യർക്കും മറ്റു ജന്തുക്കൾക്കും സസ്യങ്ങൾക്കും ജീവിക്കാനാവാത്തവിധം നാശോൻമുഖമാകുമായിരുന്നു. താപത്തിന്റെ തോത് നിയന്ത്രിക്കുന്നതും ഈ വായുതന്നെയാണ്. സമുദ്രങ്ങളിൽനിന്നും മേഘത്തെ ഉയർത്തുന്നതും ഭൂമിയുടെ വിവിധ ഭാഗങ്ങളിൽ വെള്ളമെത്തിക്കുന്നതും ഈ വായുതന്നെയാണ്. മനുഷ്യനും ജന്തുജാലങ്ങൾക്കും സസ്യങ്ങൾക്കുമെല്ലാം ജീവിക്കാനാവശ്യമായ വാതകങ്ങൾ ഒരുക്കിക്കൊടുക്കുന്നതും ഇതുതന്നെ. വായുവില്ലെങ്കിൽ ഭൂമി ഒരു ജീവിയുടെയും പാർപ്പിടമാവുക സാധ്യമല്ല. ഈ ഗോളത്തിന്റെ മേൽത്തട്ടിനോടു ചേർന്ന്, മനുഷ്യനും ജന്തുക്കൾക്കും സസ്യങ്ങൾക്കും ആവശ്യമായ അനേകം ധാതുപദാർഥങ്ങളും രാസപദാർഥങ്ങളും നിക്ഷേപിക്കപ്പെട്ടിരിക്കുന്നു. അത്തരം പദാർഥങ്ങളില്ലാത്ത സ്ഥലങ്ങൾ ജീവികൾക്ക് അധിവാസയോഗ്യമല്ല.

സമുദ്രങ്ങൾ, തടാകങ്ങൾ, നദികൾ, അരുവികൾ, ഉറവകൾ, ഭൂഗർഭ ജലസംഭരണികൾ എന്നിവവഴി ഈ ഗോളത്തിൽ വൻതോതിൽ ജലം നിക്ഷേപിക്കപ്പെട്ടിരിക്കുന്നു. പർവതങ്ങളുടെ ഉച്ചികളിൽപോലും ജലനിക്ഷേപങ്ങൾ ഉറച്ചുകിടക്കുവാനും പിന്നീട് ഉരുകി ഒഴുകുവാനും വേണ്ട സജ്ജീകരണങ്ങൾ ചെയ്തിരിക്കുന്നു. ഈ ആസൂത്രണങ്ങളൊന്നുമില്ലാതെ ഇവിടെ ആർക്കും ജീവിക്കുക സാധ്യമായിരുന്നില്ല. പിന്നെ ഈ ജലത്തെയും വായുവിനെയും ഭൂമിയിൽ കാണപ്പെടുന്ന മറ്റു വസ്തുക്കളെയും ചേർത്തുനിർത്തുന്നതിനു വേണ്ടി ഭൂഗോളത്തിന് പ്രബലമായ ആകർഷണശക്തി നൽകപ്പെട്ടിരിക്കുന്നു. ഈ ആകർഷണശക്തി കുറഞ്ഞുപോയാൽ വായുവിനെയും വെള്ളത്തെയും പിടിച്ചുനിർത്താൻ സാധിക്കാതെവരികയും താപാധിക്യത്താൽ ജീവന്ന് നിലനിൽക്കാൻ കഴിയാതാവുകയും ചെയ്യുന്നു. ആകർഷണശക്തി വർധിച്ചാലോ, വായുവിന് സാന്ദ്രത കൂടുന്നു. അതിന്റെ സമ്മർദം ഏറുന്നു. നീരാവിക്ക് ഉയരാൻ കഴിയാതാവുന്നു. അങ്ങനെ മഴ ഇല്ലാതാകുന്നു. തണുപ്പ് വർധിക്കുന്നു. അപ്പോൾ ഭൂമി ചുരുക്കം ചില ജീവികൾക്കു മാത്രമേ വാസയോഗ്യമായിരിക്കൂ. ആകർഷണശക്തിയുടെ ആധിക്യം മനുഷ്യന്റെയും മറ്റു ജീവികളുടെയും ആകാരം ചെറുതാക്കുകയും ഭാരം വർധിപ്പിക്കുകയും ചെയ്യും. ഭാരത്തിന്റെ വർധനവ് ചലനത്തെ ക്ലേശകരമാക്കും.

സർവോപരി ഈ ഗോളം സൂര്യനിൽനിന്ന് ഒരു പ്രത്യേക അകലത്തിലാണ് സ്ഥാപിതായിട്ടുള്ളത്. ജീവാധിവാസത്തിന്നനുയോജ്യമായിട്ടുള്ളതാണ് ഈ അകലം. സൂര്യനിൽ നിന്നുള്ള അകലം ഇതിലും കൂടുതലായിരുന്നുവെങ്കിൽ ചൂട് വേണ്ടത്ര കിട്ടാതാവുകയും തണുപ്പ് വേണ്ടതിലധികം കിട്ടുകയും ചെയ്യുമായിരുന്നു. ഋതുക്കൾ വളരെ ദൈർഘ്യമേറിയതും ആകുമായിരുന്നു. അങ്ങനെ ഭൂമിയിൽ വസിക്കൽ പ്രയാസകരമായിത്തീരും. നേരെമറിച്ച്, അകലം കുറയുകയാണെങ്കിൽ ചൂട് കൂടുകയും അനേകം വസ്തുക്കൾ കൂടിക്കലർന്ന്, ഭൂമി മനുഷ്യനെപ്പോലുള്ള ജീവികൾക്ക് സമാധാനത്തോടെ അധിവസിക്കാൻ പറ്റാതാവുകയും ചെയ്യുമായിരുന്നു.

ഭൂമിയെ അതിലുള്ള ജീവികൾക്ക് അധിവാസയോഗ്യമാക്കിയ ഘടകങ്ങളിലും അവ തമ്മിലുള്ള പരസ്പര ബന്ധങ്ങളിലും ചിലതു മാത്രമാണിത്. സമീകൃതമായ ഈ ഘടകങ്ങളും അവ തമ്മിലുള്ള സമുചിതമായ പരസ്പര ബന്ധങ്ങളും വിശേഷജ്ഞാനമുള്ള ഒരു സ്രഷ്ടാവിന്റെ ആസൂത്രണമൊന്നുമില്ലാതെ ഒരു യാദൃച്ഛിക സ്ഫോടനത്താൽ സ്വയം സ്ഥാപിതമായതാണെന്ന് ഒരു നിമിഷത്തേക്കെങ്കിലും വിശ്വസിക്കാൻ ഇതെല്ലാം വീക്ഷിക്കുന്ന ബുദ്ധിയുള്ള ആർക്കും സാധിക്കുകയില്ല. അതിഗംഭീരമായ ഈ അണ്ഡകടാഹത്തിന്റെ സൃഷ്ടിയിലും പരിപാലനത്തിലും ഏതെങ്കിലും ദേവീദേവൻമാർക്കോ പ്രവാചകന്മാർക്കോ മാലാഖമാർക്കോ പങ്കുണ്ടെന്ന് അനുമാനിക്കാനും സാധിക്കുകയില്ല.

| وَالْجِبَالَ أَوْتَادًا ﴿٧﴾<br>വൽ ജിബാല ഔതാദാ | |
|---|---|
| أَوْتَادًا | وَالْجِبَالَ |
| ഔതാദാ | വൽ ജിബാല |
| ആണികൾ | മലകളെ |

**7- മലകളെ ആണികളും?**

ഭൂതലത്തിൽ പർവതങ്ങൾ സ്ഥാപിച്ചതിന്റെ സാക്ഷാലുദ്ദേശ്യം ഭൂമിയുടെ ചലനത്തിലും ചംക്രമണത്തിലും സന്തുലനം സാധിക്കാനാണ്. പർവതങ്ങളുടെ ഈ പ്രയോജനത്തെപ്പറ്റി വിശുദ്ധ ഖുർആനിൽ പലേടത്തും വ്യക്തമാക്കിയിട്ടുണ്ട്. മറ്റുപല പ്രയോജനങ്ങളും പർവതങ്ങളിലന്തർഭവിച്ചിട്ടുണ്ടെങ്കിലും ഭൂമിയെ ഉലയാതെ സന്തുലിതമാക്കി നിർത്തുകയാണ് അവയുടെ മൗലികോദ്ദേശ്യമെന്ന് നമുക്ക് മനസ്സിലാക്കാം

| وَخَلَقْنَاكُمْ أَزْوَاجًا﴿٨﴾<br>വ ഖലഖ്നാകും അസ്‌വാജാ | |
|---|---|
| أَزْوَاجًا | وَخَلَقْنَاكُمْ |
| അസ് വാജാ | വ ഖലഖ്നാകും |
| ഇണകളായി | നിങ്ങളെ നാം സൃഷ്ടിച്ച |

**8- നിങ്ങളെ നാം ഇണകളായി സൃഷ്ടിച്ചു.**

മനുഷ്യനെ സ്ത്രീപുരുഷജോഡികളായി സൃഷ്ടിച്ചതിലുള്ള മഹത്തായ യുക്തികളെക്കുറിച്ചുള്ള ചർച്ച ഖുർആനിൽ പലയിടത്തും കാണാം. മനുഷ്യനെ ഒരൊറ്റയിനം മാത്രം ആക്കാതിരുന്നത് സ്രഷ്ടാവിന്റെ യുക്തിപൂർണതയെയാണ് കുറിക്കുന്നത്. അവൻ മനുഷ്യനെ മനുഷ്യത്വത്തിൽ തുല്യതയുള്ള രണ്ട് വർഗങ്ങൾ (ലിംഗങ്ങൾ) ആക്കിയാണ് സൃഷ്ടിച്ചത്. ഒരു മനുഷ്യനുപകരം മനുഷ്യന്റെ രണ്ടു മാതൃകകൾ (സ്ത്രീയും പുരുഷനും). മാനവികതയിൽ രണ്ടും ഏകമാണ്. എന്നാൽ ശാരീരിക-മാനസിക സവിശേഷതകളിൽ അങ്ങേയറ്റം വ്യത്യസ്തവും. ഈ വ്യത്യാസങ്ങളുണ്ടായിട്ടും അവർ പരസ്പര വിരുദ്ധരോ വിജാതീയരോ അല്ല; പ്രത്യുത പരസ്പര പൂരകരാണ്. പിന്നെ ഈ ഘടകങ്ങൾ കൂടിച്ചേർന്ന അത്ഭുതകരമായ സന്തുലിതത്വത്തോടെ (അതിൽ ഒരു വിഭാഗത്തിന് മറ്റേ വിഭാഗത്തിന്റെ ആസൂത്രണത്തിൽ അൽപംപോലും പ്രവേശനമില്ല.) ലോകത്ത് സ്ത്രീകളും പുരുഷന്മാരും ഉണ്ടായിക്കൊണ്ടിരിക്കുന്നു. ബന്ധങ്ങളുടെ ഒരു ശൃംഖല പുത്ര-പൗത്രന്മാരിലൂടെ നീണ്ടുപോകുന്നു. അവരാകട്ടെ മറ്റു കുടുംബങ്ങളിലാണ് സഹധർമിണികളെ കണ്ടെത്തുന്നത്. മറ്റൊരു ബന്ധശൃംഖല അന്യവീടുകളിലെ വധുക്കളായിത്തീരുന്ന പുത്രീ-ദൗഹിത്രിമാരിലൂടെയും നീണ്ടുപോകുന്നു. ഈ വിധം കുടുംബങ്ങൾ തമ്മിൽ ബന്ധിപ്പിക്കപ്പെടുകയും രാജ്യം മുഴുവൻ ഒരു വംശത്താലും നാഗരികതയാലും കൂട്ടിയിണക്കപ്പെടുകയും ചെയ്യുന്നു.



ലോകത്ത് ഏതെങ്കിലും ഒരു ഭൂപ്രദേശത്തോ സമൂഹത്തിലോ ആൺകുട്ടികൾ മാത്രം അല്ലെങ്കിൽ പെൺകുട്ടികൾ മാത്രം ജനിക്കുക എന്നത് ഇന്നുവരെ ഉണ്ടായിട്ടില്ല. മനുഷ്യന്റെ ആസൂത്രണത്തിന് യാതൊരു പ്രവേശനവുമില്ലാത്ത കാര്യമാണിത്. പരസ്പരം തികഞ്ഞ ജോഡികളാകുന്നതിന് പെൺകുട്ടികളെ നിരന്തരം സ്ത്രൈണ ഗുണങ്ങളോടുകൂടിയും ആൺകുട്ടികളെ നിരന്തരം പൗരുഷ ഗുണങ്ങളോടുകൂടിയും സൃഷ്ടിക്കുക എന്ന കാര്യത്തിൽ മനുഷ്യന് ഒരണുഅളവ് പോലും സ്വാധീനമില്ല. സ്ത്രീകളുടെയും പുരുഷന്മാരുടെയും ജനനം ഈവിധം സന്തുലിതമായ രൂപത്തിലാകുന്നതിലും അവന്ന് യാതൊരു സ്വാധീനവുമില്ല. സഹസ്രാബ്ദങ്ങളായി കോടാനുകോടി മനുഷ്യരുടെ ജന്മത്തിൽ ഈ ആസൂത്രണവും വ്യവസ്ഥയും ഇത്രയും സന്തുലിതമായി പുലർന്നുകൊണ്ടിരിക്കുക എന്നത് കേവലം യാദൃച്ഛികമാവുക സാധ്യമല്ല. നിരവധി ദൈവങ്ങളുടെ കൂട്ടായ ആസൂത്രണത്തിന്റെ ഫലമാവുക എന്നതും സാധ്യമല്ല. ഇത് വ്യക്തമായും യുക്തിമാനായ ഒരു സ്രഷ്ടാവ് മാത്രം തന്റെ അജയ്യമായ യുക്തിയാലും കഴിവിനാലും ആദിയിൽ ഒരു പുരുഷന്റെയും സ്ത്രീയുടെയും മാതൃക സൃഷ്ടിക്കുകയും പിന്നെ ആ രൂപകൽപന അനുസരിച്ച് വ്യക്തിപരമായ പ്രത്യേക ഗുണങ്ങളുള്ള എണ്ണമറ്റ പുരുഷന്മാരെയും സ്ത്രീകളെയും ലോകംനിറയെ സന്തുലിതമായി വ്യാപിപ്പിക്കുകയും ചെയ്തതാണെന്ന വസ്തുതയെക്കുറിക്കുന്നു.

| وَجَعَلْنَا نَوْمَكُمْ سُبَاتًا ﴿٩﴾<br>വജഅൽനാ നൗമകും സുബാതാ | | |
|---|---|---|
| سُبَاتًا | نَوْمَكُمْ | وَجَعَلْنَا |
| സുബാതാ | നൗമകും | വജഅൽനാ |
| വിശ്രമം | നിങ്ങളുടെ ഉറക്കത്തെ | നാം ആക്കുകയും ചെയ്തു |

**9- നിങ്ങളുടെ ഉറക്കത്തെ നാം വിശ്രമമാക്കി.**

മനുഷ്യനെ ഈ ലോകത്ത് കർമയോഗ്യനാക്കുന്നതിനുവേണ്ടി ദൈവം മനുഷ്യന്റെ പ്രകൃതിയിൽ യുക്തിപൂർവം നിക്ഷേപിച്ച ഗുണമാണ് നിദ്രാവാസന. ഏതാനും മണിക്കൂറുകളിലെ അധ്വാനത്തിനുശേഷം ഏതാനും മണിക്കൂറുകൾ ഉറങ്ങണമെന്നു അവനെ നിർബന്ധിക്കുന്നു. അവൻ സ്രഷ്ടാവ് മാത്രമല്ല, മറിച്ച് തന്റെ സൃഷ്ടികളോട് അളവറ്റ കനിവും കാരുണ്യവുമുള്ളവനാണെന്നും അവയുടെ ആവശ്യങ്ങളെയും താൽപര്യങ്ങളെയുംകുറിച്ച് അവയെക്കാളേറെ വിചാരമുള്ളവനാണെന്നും കൂടി കുറിക്കുന്ന ദൃഷ്ടാന്തമാണിത്. മനുഷ്യന്ന് ഈ ലോകത്ത് നിരന്തരം അധ്വാനിച്ചുകൊണ്ടിരിക്കാനാവില്ല. ഏതാനും നാഴികകളിലെ അധ്വാനത്തിനുശേഷം ഏതാനും നാഴിക വിശ്രമിക്കേണ്ടത് ആവശ്യമാണ്. അങ്ങനെ അവൻ വീണ്ടും കുറെ നാഴിക അധ്വാനിക്കാനുള്ള ശക്തി സംഭരിക്കുന്നു. ഈ ആവശ്യാർഥം യുക്തിമാനും കാരുണികനുമായ സ്രഷ്ടാവ് മനുഷ്യനിൽ തളർച്ചാബോധവും വിശ്രമാഭിലാഷവും ഉണ്ടാക്കുന്നതിൽ മാത്രം മതിയാക്കിയില്ല. അവൻ നിദ്രയുടെ ശക്തമായൊരു വാസനയും മനുഷ്യനിൽ നിക്ഷേപിച്ചു. അത്, അധ്വാനത്തിന്റെയും ക്ഷീണത്തിന്റെയും ഏതാനും മണിക്കൂറുകൾക്കുശേഷം ഇച്ഛയില്ലാതെ എന്നല്ല ഇച്ഛയോട് മത്സരിച്ചുകൊണ്ടുതന്നെ അവനെ ഗ്രസിക്കുന്നു. അങ്ങനെ ഏതാനും മണിക്കൂറുകൾ വിശ്രമിക്കാൻ നിർബന്ധിതനാക്കുന്നു. ആവശ്യം പൂർത്തിയാക്കിക്കഴിഞ്ഞാൽ സ്വയംതന്നെ അതവനെ വെടിയുകയും ചെയ്യുന്നു.



നിദ്രയുടെ സത്തയും രൂപവും യഥാർഥ നിമിത്തങ്ങളും ഇന്നുവരെ മനുഷ്യന് മനസ്സിലാക്കാൻ കഴിഞ്ഞിട്ടില്ല. ഇത് തീർച്ചയായും മനുഷ്യന്റെ പ്രകൃതിയിലും ഘടനയിലും നിക്ഷിപ്തമായ ഒരു ജന്മസിദ്ധിയാണ്. അത് മനുഷ്യന്റെ ആവശ്യത്തിന് തികച്ചും അനുസൃതമാണെന്നതുതന്നെ അതൊരു യാദൃഛിക പ്രതിഭാസമല്ല, മറിച്ച് ഒരു യുക്തിമാൻ സുചിന്തിതമായ പരിപാടിയനുസരിച്ച് നിശ്ചയിച്ച പ്രക്രിയയാണ് എന്നതിനുള്ള മതിയായ സാക്ഷ്യമാണ്. അതിൽ ഒരു മഹത്തായ യുക്തിയും താൽപര്യവും ഉദ്ദേശ്യവും സ്പഷ്ടമായി പ്രവർത്തിക്കുന്നത് കാണാം. അതിനും പുറമേ ഇതേ നിദ്ര, ഈ അനുപേക്ഷണീയമായ പ്രേരണ മനുഷ്യനിൽ നിക്ഷേപിച്ചവൻ മനുഷ്യനെ സംബന്ധിച്ചിടത്തോളം മനുഷ്യനേക്കാൾ അവനോട് ഗുണകാംക്ഷയുള്ളവനാണ് എന്നതിനും സാക്ഷ്യം വഹിക്കുന്നുണ്ട്. അല്ലായിരുന്നുവെങ്കിൽ മനുഷ്യൻ ഇഛാശക്തിയാൽ നിദ്രയെ ജയിക്കുകയും അങ്ങനെ വാശിയോടെ ഉണർന്നിരുന്നു നിരന്തരം പണിയെടുക്കുകയും ചെയ്യുകവഴി അവന്റെ കർമശേഷി മാത്രമല്ല, ജീവിതശേഷി തന്നെ മുരടിച്ചുപോകുമായിരുന്നു. നിദ്രയിൽ എന്തെല്ലാം നടക്കുന്നു എന്ന് ശാസ്ത്ര ലോകത്തിനു കൃത്യമായി വിശദീകരിക്കാനായിട്ടില്ലെങ്കിലും ശരീരത്തിന്റെ ആരോഗ്യം വീണ്ടെടുക്കാനും പുതുക്കാനും നിശ്ചയിക്കപ്പെട്ട സമയമാണ് ഉറക്കം. ശരീരത്തിന് നഷ്ടപ്പെട്ട ഊർജം പുനസ്ഥാപിക്കുന്നത് വിശ്രമ വേളയെക്കാൾ ഉറക്കത്തിലൂടെയാണ്. രാത്രിയുറക്കം എന്നത് ദിനേനയുള്ള ഒരു തരം വ്രതമാണ്. മനുഷ്യന്റെ രോഗ പ്രതിരോധശേഷി വർധിപ്പിക്കാനുള്ള എൻസൈമുകൾ ഉൽപാദിപ്പിക്കപ്പെടുന്നത് ഉറക്കിനിടയിലാണ്. തലച്ചോറിന്റെ വികസനത്തിനും ഓർമ്മ ശക്തി വർധിക്കാനും നിർണ്ണിത തോതിലുള്ള ഉറക്കം അത്യന്താപേക്ഷിതമാണ്.

| وَجَعَلْنَا اللَّيْلَ لِبَاسًا ﴿١٠﴾<br>വജഅൽനാ ല്ലൈല ലിബാസ | | |
|---|---|---|
| لِبَاسًا | اللَّيْلَ | وَجَعَلْنَا |
| ലിബാസ | അല്ലൈല | വജഅൽനാ |
| വസ്ത്രമാക്കി | രാവിനെ | നാം ആക്കുകയും ചെയ്തു |

**10- രാവിനെ വസ്ത്രമാക്കി.**

| وَجَعَلْنَا النَّهَارَ مَعَاشًا ﴿١١﴾<br>വജഅൽനാ ന്നഹാറ മആശാ | | |
|---|---|---|
| مَعَاشًا | النَّهَارَ | وَجَعَلْنَا |
| വാജിഫ | യൗമഇദിൻ | വജഅൽനാ |
| ജീവിതവേള | പകലിനെ | നാം ആക്കുകയും ചെയ്തു |

**11- പകലിനെ ജീവിതവേളയാക്കി.**

അതായത്, വെളിച്ചത്തിൽനിന്ന് മുക്തരായി നിങ്ങൾക്ക് കൂടുതൽ അനായാസകരമായി നിദ്രയുടെ ശാന്തി ലഭിക്കുന്നതിനുവേണ്ടിയാണ് രാത്രിയെ സജ്ജീകരിച്ചിരിക്കുന്നത്. ഉപജീവനാർഥമുള്ള പ്രവർത്തനം എളുപ്പമാക്കുന്നതിനുവേണ്ടി പകലിനെ പ്രകാശമാനമാക്കുകയും ചെയ്തിരിക്കുന്നു. രാപകലുകൾ വ്യവസ്ഥാപിതമായി നിരന്തരം മാറിവന്നുകൊണ്ടിരിക്കുന്നതിന്റെ നിരവധി പ്രയോജനങ്ങളിൽ ഈ ഒരെണ്ണം മാത്രം സൂചിപ്പിച്ചത്, ഇതൊക്കെയും അലക്ഷ്യമായോ ആകസ്മികമായോ ഉണ്ടായിക്കൊണ്ടിരിക്കുന്നതല്ലെന്നും പ്രത്യുത, അവയ്ക്കെല്ലാം പിന്നിൽ നിങ്ങളുടെ താൽപര്യവുമായി ആഴത്തിൽ ബന്ധപ്പെട്ട മഹത്തായ യുക്തി പ്രവർത്തിക്കുന്നുണ്ടെന്നും വ്യക്തമാക്കുന്നതിനുവേണ്ടിയാണ്. ശാന്തിക്കും സൗഖ്യത്തിനും വേണ്ടി നിങ്ങളുടെ നിലനിൽപിന്റെ ഘടന തേടുന്ന ഇരുട്ടിനെ രാത്രിയിലും, ഉപജീവനാർഥം ആവശ്യപ്പെടുന്ന വെളിച്ചത്തെ പകലിലും സജ്ജീകരിച്ചുതരുന്നു. നിങ്ങളുടെ ജീവിതാവശ്യങ്ങളോട് കൃത്യമായി യോജിക്കുന്ന ഈ വ്യവസ്ഥതന്നെ ഇതൊരു യുക്തിജ്ഞന്റെ യുക്തിയിലൂടെയല്ലാതെ ഉണ്ടാവുകയില്ലെന്ന് സാക്ഷ്യപ്പെടുത്തുന്നുണ്ട്.

സാധാരണ ദൃശ്യമായതുകൊണ്ടുമാത്രം മനുഷ്യൻ ശ്രദ്ധിക്കാത്ത യാഥാർത്ഥ്യങ്ങളിൽ പെട്ടതത്രെ ദിനരാത്രങ്ങളുടെ പോക്കുവരവുകൾ. പകൽ അവസാനിക്കുന്നതിലും രാത്രി വന്നണയുന്നതിലും കാണപ്പെടുന്ന അങ്ങേയറ്റത്തെ ക്രമവും വ്യവസ്ഥയുമാകട്ടെ സൂര്യനും ഭൂമിയും സുഭദ്രമായ ഒരേക വ്യവസ്ഥക്ക് കീഴ്പ്പെടുമ്പോഴല്ലാതെ സാധ്യമല്ല. മാത്രമല്ല, രാപ്പകലുകളുടെ പോക്കുവരവുകൾക്ക് ഭൂമിയിലെ ജീവജാലങ്ങളുമായി കാണപ്പെടുന്ന അഭേദ്യമായ ബന്ധം തന്നെ ഈ വ്യവസ്ഥ പൂർണമായ അറിവോടുകൂടി ആരോ സോദ്ദേശ്യം സ്ഥാപിച്ചതാണെന്നതിന് വ്യക്തമായ തെളിവാകുന്നു. ഭൂമുഖത്ത് മനുഷ്യരുടെയും മൃഗങ്ങളുടെയും സസ്യങ്ങളുടെയും ആസ്തിക്യം മാത്രമല്ല വെള്ളം, വായു, വിവിധ ലോഹപദാർഥങ്ങൾ എന്നിവയുടെ ആസ്തിക്യം പോലും ഭൂമിയെ സൂര്യനിൽനിന്ന് ഒരു പ്രത്യേക അകലത്തിൽ നിർത്തിയതിന്റെയും ഭൂമിയുടെ വിവിധ ഭാഗങ്ങൾ നിശ്ചിത സമയങ്ങളിൽ ക്രമപ്രകാരം സൂര്യനഭിമുഖമായ ശേഷം വീണ്ടും അവിടെനിന്ന് അകലുവാനുള്ള ഏർപ്പാടുകൾ ചെയ്തുവെച്ചതിന്റെയും ഫലമത്രെ.

ഭൂമിയും സൂര്യനും തമ്മിലുള്ള അകലം വളരെയേറെ കുറയുകയോ വളരെയേറെ കൂടുകയോ ചെയ്തിരുന്നെങ്കിൽ, അഥവാ, ഭൂമിയുടെ ഒരു വശത്ത് എന്നും രാത്രിയും മറുവശത്ത് എന്നും പകലും ആയിരുന്നെങ്കിൽ, അതുമല്ലെങ്കിൽ ദിനരാത്രങ്ങളുടെ ചംക്രമണം വളരെ ശീഘ്രഗതിയിലോ വളരെ മന്ദഗതിയിലോ ആയിരുന്നെങ്കിൽ, അതുമല്ലെങ്കിൽ വ്യവസ്ഥയില്ലാതെ എപ്പോഴെങ്കിലും പെട്ടെന്ന് പകൽ പരക്കുകയോ ഇരുൾമൂടുകയോ ചെയ്തിരുന്നെങ്കിൽ-ഇത്തരം പരിതഃസ്ഥിതികളിലൊന്നും ഈ ഭൂഗോളത്തിൽ ജീവിതം സുസാധ്യമാകുമായിരുന്നില്ല. മാത്രമല്ല, നിർജീവ വസ്തുക്കളുടെ രൂപപ്രകൃതി പോലും ഇന്നുള്ളതിൽനിന്ന് വളരെയേറെ വ്യത്യസ്തമാകുമായിരുന്നു.


ഭൂമിയിൽ ഒരു പ്രത്യേക തരത്തിലുള്ള സൃഷ്ടികളെ സൃഷ്ടിക്കുവാനുദ്ദേശിക്കുകയും അവയുടെ ആവശ്യങ്ങൾക്ക് പൂർണമായും അനുയോജ്യമായ വിധത്തിൽ ഭൂമിക്കും സൂര്യനുമിടയിൽ പൊരുത്തങ്ങൾ സ്ഥാപിക്കുകയും ചെയ്ത ഒരു ദൈവത്തിന്റെ കർമവിലാസം മനക്കണ്ണ് നഷ്ടപ്പെടാത്ത ആർക്കും ഈ വ്യവസ്ഥകളിൽ വ്യക്തമായികാണാവുന്നതാണ്. ഇനി ഏതെങ്കിലുമൊരു വ്യക്തിക്ക് ദൈവാസ്തിക്യവും അവന്റെ ഏകത്വവും ഉൾകൊള്ളാൻ കഴിയുന്നില്ലെങ്കിൽ, ഈ മഹൽകൃത്യങ്ങളെല്ലാം വിവിധ ദൈവങ്ങളുടെ പ്രവർത്തനമാണെന്ന് പറയുന്നതും ഇതെല്ലാം ലക്കും ലഗാനുമില്ലാത്ത ഏതോ നിയമമനുസരിച്ച് സ്വയം ഉണ്ടായതാണെന്ന് മനസ്സിലാക്കുന്നതും എത്രമാത്രം അചിന്ത്യമാവേണ്ടതാണ്. യാതൊരു തെളിവും കൂടാതെ കേവലം അനുമാനങ്ങളെ ആസ്പദമാക്കി, ഏതോ നിയമമനുസരിച്ച് സ്വയം ഉണ്ടായതാണെന്ന രണ്ടാമത്തെ ദുർഗ്രഹമായ വാദഗതികളാണ് ഇനിയൊരാൾ അംഗീകരിക്കുന്നതെങ്കിൽ, പ്രപഞ്ചത്തിൽ കാണപ്പെടുന്ന വ്യവസ്ഥാപിതത്വവും യുക്തിപരതയും ഉദ്ദേശ്യപരതയും ദൈവമുണ്ടെന്നതിനു മതിയായ തെളിവല്ലെന്നാണയാൾ വാദിക്കുന്നതെങ്കിൽ, ഏതെങ്കിലും സിദ്ധാന്തമോ, ആദർശമോ അംഗീകരിക്കുന്നതിന് പൂർണമോ അപൂർണമോ ആയ ബുദ്ധിപരമായ വല്ല തെളിവും ആവശ്യമുണ്ടെന്ന വസ്തുത തന്നെ അയാൾ അംഗീകരിക്കുന്നുണ്ടെന്ന് വിചാരിക്കാൻ പ്രയാസമുണ്ട്.

| وَبَنَيْنَا فَوْقَكُمْ سَبْعًا شِدَادًا﴿١٢﴾<br>വ ബനൈനാ ഫൗഖകും സബ്അൻ ശിദാദാ | | | |
|---|---|---|---|
| شِدَادًا | سَبْعًا | فَوْقَكُمْ | وَبَنَيْنَا |
| ശിദാദാ | സബ്അൻ | ഫൗഖകും | വ ബനൈനാ |
| സുഭദ്രമായ | സപ്തവാനങ്ങൾ | നിങ്ങൾക്കു മീതെ | നാം സ്ഥാപിക്കുകയും ചെയ്തു |

## 12- നിങ്ങൾക്കു മീതെ സുഭദ്രമായ സപ്തവാനങ്ങൾ സ്ഥാപിച്ചില്ലയോ?

സപ്തവാനങ്ങളെന്നാൽ എന്താണെന്ന് നിർണയിക്കുക വിഷമമാണ്. മനുഷ്യൻ ഓരോ കാലത്തും ആകാശത്തെ, മറ്റൊരു ഭാഷയിൽ, ഭൂമിക്കുപരിയായിട്ടുള്ള ലോകത്തെ സംബന്ധിച്ച് തന്റെ നിരീക്ഷണങ്ങളുടെയും അനുമാനങ്ങളുടെയും അടിസ്ഥാനത്തിൽ വ്യത്യസ്തങ്ങളായ സങ്കൽപങ്ങൾ വെച്ചുപുലർത്തിപ്പോന്നിട്ടുണ്ട്.

അതെല്ലാം പിൽക്കാലത്ത് മാറിക്കൊണ്ടിരിക്കുകയും ചെയ്തിട്ടുണ്ട്. അതിനാൽ അവയിലേതെങ്കിലുമൊരു സങ്കൽപത്തെ അടിസ്ഥാനമായി അംഗീകരിച്ചുകൊണ്ട് ഖുർആനിലെ ഈ വാക്കുകളുടെ അർഥം നിർണയിക്കുന്നത് ശരിയായിരിക്കില്ല. മൊത്തത്തിൽ ഏതാണ്ടിങ്ങനെ മനസ്സിലാക്കാം; ഒന്നുകിൽ അതുകൊണ്ടുള്ള വിവക്ഷ, ഭൂമിക്കുപരിയായുള്ള പ്രപഞ്ചത്തെ സ്രഷ്ടാവ് ബലിഷ്ഠമായ ഏഴ് മണ്ഡലങ്ങളായി വിഭജിച്ചിരിക്കുന്നുവെന്നാണ്; അല്ലെങ്കിൽ ഭൂമി സ്ഥിതിചെയ്യുന്ന പ്രപഞ്ചമണ്ഡലം ഏഴ് മണ്ഡലങ്ങളെ ഉൾക്കൊള്ളുന്നുവെന്നാണ്. അതിന്റെ സുഭദ്രമായ അതിരുകൾ ഭേദിച്ചുകൊണ്ട് ഉപരിലോകത്തെ എണ്ണമറ്റ ഗ്രഹങ്ങളും ഉപഗ്രഹങ്ങളും പരസ്പരം കൂട്ടിമുട്ടുകയോ ഭൂമിയിൽ വന്നുപതിക്കുകയോ ചെയ്യുന്നില്ല. ഉപരിലോകത്തുനിന്നുള്ള ആപത്തുകൾ വർഷിച്ച് നശിച്ചുപോകുമാറ് അവൻ നിങ്ങളെ തുറന്ന അന്തരീക്ഷത്തിൽ ഉപേക്ഷിച്ചിരിക്കുകയല്ല. അവൻ ഭൂമിക്ക് മീതെ ഭദ്രമായ ആകാശം സംവിധാനിച്ചിട്ടുണ്ട്. ആപൽക്കരമായ വസ്തുക്കൾക്ക് അതിനെ തരണം ചെയ്ത് അന്തരീക്ഷത്തിലെത്താനാവില്ല. എത്രത്തോളമെന്നാൽ വിദൂര ശൂന്യാകാശ മണ്ഡലങ്ങളിൽ നിന്നുള്ള വിനാശകരമായ രശ്മികൾക്കുപോലും ഭൂമിയിൽ എത്താൻ സാധിക്കുന്നില്ല. അതുകൊണ്ടാണ് നിങ്ങൾക്ക് ശാന്തരും സ്വസ്ഥരുമായി ഭൂമിയിൽ ജീവിക്കാൻ സാധിക്കുന്നത്.



ആധുനിക നിരീക്ഷണങ്ങളനുസരിച്ച് ദിനംപ്രതി ഒരുലക്ഷം കോടിയോളം കൊള്ളിമീനുകൾ ഭൂമിക്കുനേരെ വന്നുകൊണ്ടിരിക്കുന്നതായി കരുതപ്പെടുന്നു. അതിൽ രണ്ടു കോടിയോളം ഉൽക്കകൾ ഭൗമാന്തരീക്ഷത്തിൽ പ്രവേശിക്കുകയും അപൂർവ്വം ചിലത് കഷ്ടിച്ച് ഭൂമിയുടെ ഉപരിതലത്തിലെത്തുകയും ചെയ്യുന്നുണ്ട്. ശൂന്യാകാശത്തിൽ അതിന്റെ വേഗത ചുരുങ്ങിയത് സെക്കന്റിൽ 26 മൈലായിരിക്കും. പലപ്പോഴും സെക്കന്റിൽ 50 മൈൽ വരെ കാണപ്പെട്ടിട്ടുണ്ട്. അസാധാരണമായി ഈ ഉൽക്കവർഷം നഗ്നദൃഷ്ടികൾക്കുതന്നെ ദൃശ്യമാകാറുണ്ട്. 1833 നവംബർ 13-ന് വടക്കെ അമേരിക്കയുടെ പൂർവദേശത്ത് ഒരിടത്തു മാത്രം അർധരാത്രി മുതൽ പ്രഭാതം വരെ രണ്ടു ലക്ഷം ഉൽക്കകൾ വർഷിച്ചതായി കാണപ്പെട്ടിരുന്നു. (എൻസൈക്ളോപീഡിയാ ബ്രിട്ടാനിക്കാ (1946) വാള്യം: :15, പേജ്: 337-339 ).

ഭൂമിയിലേക്ക് ദിനം പ്രതി വർഷിച്ചുകൊണ്ടിരിക്കുന്ന ഒരുലക്ഷം കോടി കൊള്ളിമീനുകൾ കഷ്ടിച്ചു ഒന്നുമാത്രം ഭൂമിയിലെത്തുകയും മറ്റെല്ലാം വെണ്ണീരാവുകയും ചെയ്യുന്നത് ഈ അദൃശ്യവും സുഭദ്രവുമായ കോട്ടമൂലമാകുന്നു. ഭൂമിയിൽ കാണപ്പെട്ട ഉൽക്കകളുടെ മാതൃകകൾ ലോകത്തിലെ വിവിധ മ്യൂസിയങ്ങളിൽ സൂക്ഷിച്ചിട്ടുണ്ട്. അതിൽ 645 പൗണ്ട് തൂക്കമുള്ള ഏറ്റവും വലിയ ഒരു ഉൽക്ക വീണപ്പോൾ മണ്ണിൽ 11 അടി താണുപോവുകയുണ്ടായി. അതേപോലെ മറ്റൊരിടത്ത് 36.5 ടൺ തൂക്കമുള്ള ഒരു ഭയങ്കര കൂമ്പാരം കാണപ്പെട്ടു. ആകാശത്തുനിന്ന് വീണതായിരിക്കാനല്ലാതെ അതവിടെ വരാൻ ശാസ്ത്രജ്ഞൻമാർ ഒരു കാരണവും കാണുകയുണ്ടായില്ല. ഇതിന്റെ അടിസ്ഥാനത്തിൽ ചിന്തിച്ചു നോക്കുക. ഭൂമിയുടെ ആകാശാതിർത്തികൾ സുശക്തമായ കോട്ടമതിലുകൾ കൊണ്ട് സംരക്ഷിച്ചിട്ടുണ്ടായിരുന്നില്ലെങ്കിൽ ഈ കൊള്ളിമീൻവർഷം ഭൂമിയെ എന്താക്കി തീർക്കുമായിരുന്നുവെന്ന്?



ഇവിടെ ആകാശം കൊണ്ടുദ്ദേശ്യം മനുഷ്യൻ രാപകൽ തന്നെ മൂടിനിൽക്കുന്നതായി കാണുന്ന ഉപരിലോകം മുഴുവനുമാകുന്നു. പകൽ സൂര്യൻ കത്തിജ്വലിക്കുകയും രാത്രിയിൽ ചന്ദ്രനും മറ്റെണ്ണമറ്റ നക്ഷത്രങ്ങളും പ്രകാശിക്കുകയും ചെയ്യുന്ന വാനം. നഗ്നദൃഷ്ടികൊണ്ട് കാണുമ്പോൾ തന്നെ അത് മനുഷ്യനെ വിസ്മയിപ്പിക്കുന്നു. ദൂരദർശിനിയിലൂടെ നോക്കുകയാണെങ്കിൽ നാം കാണുന്നത് അതിവിസ്തൃതമായ ഒരു പ്രപഞ്ചമായിരിക്കും. ആദിയും അന്ത്യവും കാണാത്ത അപാരമായ ലോകം. ഭൂമിയിലെ മണൽ തരികളെ മുഴുവനും ഒരു വേള എണ്ണിതിട്ടപ്പെടുത്താൻ കഴിഞ്ഞെന്നുവന്നാലും പ്രപഞ്ചത്തിലെ നക്ഷത്രങ്ങളെ എണ്ണി തീർക്കാൻ കഴിയില്ല. അത്തരം അനന്ത കോടി നക്ഷത്രങ്ങളിൽ ഒരു നക്ഷത്രം മാത്രമാണ് സൂര്യൻ. ആ സൂര്യനെ കറങ്ങുന്ന ഗ്രഹങ്ങളിൽ ഒന്നുമാത്രമാണ് നാം അധിവസിക്കുന്ന ഭൂമി. പ്രപഞ്ചത്തിലെ നക്ഷത്രങ്ങളുമായി താരതമ്മ്യം ചെയ്യുമ്പോൾ ഒരു മണൽതരിയുടെ സ്ഥാനം പോലും അലങ്കരിക്കാൻ അർഹതയില്ലാത്തതാണ് നമ്മുടെ ഭൂമി. നമ്മുടെ ഭൂമിയുടെ ലക്ഷക്കണക്കിലിരട്ടി വലുപ്പമുള്ള ഗോളങ്ങൾ സൗരയൂഥത്തിൽ പന്തുകൾ പോലെ കറങ്ങിക്കൊണ്ടിരിക്കുന്നു. നമ്മുടെ സൂര്യനെക്കാൾ ആയിരക്കണക്കിലിരട്ടി പ്രകാശമുള്ള നക്ഷത്രങ്ങൾ ക്ഷീരപഥത്തിൽ പ്രകാശിച്ചുകൊണ്ടിരിക്കുന്നു. നമ്മുടെ സൗരയൂഥം ഒരു ക്ഷീരപഥത്തിന്റെ ഒരു മൂലയിൽ മാത്രം സ്ഥിതിചെയ്യുന്നതാണ്. ഈ ഒരൊറ്റ ക്ഷീരപഥത്തിൽതന്നെ ചുരുങ്ങിയത് നമ്മുടെ സൂര്യനെപ്പോലുള്ള മൂന്ന് ബില്യൻ നക്ഷത്രങ്ങളുണ്ട്. ഇത്തരം പത്തുലക്ഷത്തോളം ക്ഷീരപഥങ്ങൾ ഇതുവരെയായി മനുഷ്യ ദൃഷ്ടിക്ക് വെളിവായിരിക്കുന്നു.

ഈ ലക്ഷോപലക്ഷം ക്ഷീരപഥങ്ങളിൽ നമ്മോട് ഏറ്റവും അടുത്തുകിടക്കുന്ന ക്ഷീരപഥവും നാമും തമ്മിലുള്ള ദൂരം എത്രയാണെന്നോ! അതിലെ പ്രകാശം സെക്കന്റിൽ 1,86,000 മൈൽ വേഗത്തിൽ സഞ്ചരിച്ച് ഭൂമിയിലെത്താൻ പത്തു ലക്ഷം വർഷങ്ങൾ വേണം. മനുഷ്യദൃഷ്ടിയിലും അറിവിലുംപെട്ട പ്രപഞ്ചഭാഗത്തിന്റെ വൈപുല്യമാണിപ്പറഞ്ഞത്. അപ്പോൾ ദൈവിക സാമ്രാജ്യത്തിന്റെ വൈപുല്യം എത്രത്തോളമായിരിക്കും! അതേക്കുറിച്ച് യാതൊന്നും ഊഹിക്കാൻ പോലും നമുക്ക് സാധ്യമല്ല. ഒരുപക്ഷേ, മനുഷ്യന്റെ അറിവിൽപെട്ട പ്രപഞ്ചം അറിയപ്പെടാത്ത പ്രപഞ്ചത്തെയപേക്ഷിച്ച് സമുദ്രവും അതിൽനിന്നുള്ള ഒരു തുള്ളിയും പോലെയായിരിക്കും. വിപുലഗംഭീരമായ ഈ പ്രപഞ്ചത്തിന് അസ്തിത്വം നൽകിയ ദൈവത്തെക്കുറിച്ച് അതിലെ ഒരു കൊച്ചു സൃഷ്ടിമാത്രമായ മനുഷ്യൻ, താൻ മരിച്ചാൽ പിന്നെ ദൈവത്തിന് തന്നെ പുനരുജ്ജീവിപ്പിക്കാൻ കഴിയില്ല എന്ന് വിധി കൽപിക്കുകയാണെങ്കിൽ അത് അവന്റെ ബുദ്ധിമോശംകൊണ്ട് മാത്രമാകുന്നു.

സംഭ്രമജനകമായ വൈപുല്യത്തോടൊപ്പം ഈ ഗംഭീരമായ പ്രാപഞ്ചിക സംവിധാനം പരസ്പര ബന്ധിതവും അത്യധികം ഭദ്രവുമാണ്. അതിന്റെ ബന്ധം എവിടെയും അറ്റുപോകുന്നില്ല. എങ്ങും ഒരു വിടവോ വിള്ളലോ ഇല്ലാത്തവിധം അതിസമർഥമായതാണതിന്റെ ഘടന. ഒരു ഉദാഹരണത്തിലൂടെ ഇക്കാര്യം മനസ്സിലാക്കാവുന്നതാണ്. അടുത്ത കാലത്ത് വാനനിരീക്ഷകന്മാർ റേഡിയോസ്കോപ്പിലൂടെ ഒരു ക്ഷീരപഥം കണ്ടെത്തിയിട്ടുണ്ട്. Source 3c, 295 എന്നാണവരതിന് പേരിട്ടിരിക്കുന്നത്. അതിന്റെ രശ്മികൾ ഇപ്പോൾ ഭൂമിയിലെത്തിക്കൊണ്ടിരിക്കുന്നുവെന്നാണ് കരുതപ്പെടുന്നത്. നാലു കോടി വർഷങ്ങൾക്കു മുമ്പ് ആ രശ്മികൾ അതിൽനിന്ന് യാത്രയായിട്ടുണ്ടായിരിക്കണം. ഭൂമിയുടെയും ആ ക്ഷീരപഥത്തിന്റെയുമിടയിൽ പ്രപഞ്ചസംവിധാനത്തിൽ വല്ല വിടവോ അതിന്റെ ഘടനയിൽ വല്ല വിള്ളലോ ഉണ്ടായിരുന്നുവെങ്കിൽ ഇത്രയും ദൂരത്തുനിന്ന് ആ രശ്മികൾ ഭൂമിയിലെത്തുക സാധ്യമാണോ? ഈ വസ്തുതയിലേക്കു വിരൽചൂണ്ടിക്കൊണ്ട് അല്ലാഹു മനുഷ്യനോട് ചോദിക്കുകയാണിവിടെ: ഈ മഹാപ്രപഞ്ചത്തിൽ യാതൊരു വൈകല്യത്തിന്റെയും ലക്ഷണം

കണ്ടെത്താൻ നിങ്ങൾക്ക് കഴിയുന്നില്ലെങ്കിൽ പിന്നെ, നിങ്ങളുടെ മരണത്തിനു ശേഷം നമ്മുടെ മുന്നിൽ ഹാജരാക്കി വിചാരണ ചെയ്യുന്നതിനുവേണ്ടി നിങ്ങളെ പുനരുജ്ജീവിപ്പിക്കാൻ കഴിയില്ല എന്ന ബാലിശമായ സങ്കൽപം നിങ്ങളുടെ ബുദ്ധിയിൽ കടന്നുകൂടിയതെവിടെനിന്നാണ്? ഇത് പരലോകത്തിന്റെ സംഭവ്യതക്കു മാത്രമുള്ള തെളിവല്ല. ഏകദൈവത്വത്തിന്റെ സ്ഥിരീകരണത്തിനു കൂടിയുള്ള തെളിവാണ്. നാലുലക്ഷം പ്രകാശവർഷങ്ങൾക്കപ്പുറത്തുനിന്ന് ഈ രശ്മികൾ ഭൂമിയിലെത്തുകയും മനുഷ്യ നിർമിതമായ ദർപ്പണത്തിൽ പതിയുകയും ചെയ്യുക എന്നത് ആ വിദൂര ക്ഷീരപഥം മുതൽ ഈ ഭൂമി വരെയുള്ള ലോകം മുഴുവൻ തുടർച്ചയായി ഒരേ ധാതുവിനാൽ നിർമിക്കപ്പെട്ടതാണെന്ന് വ്യക്തമായി കുറിക്കുന്നുണ്ട്. ഒരേതരത്തിലുള്ള ശക്തികളാണ് അതിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. യാതൊരു വ്യത്യാസവുമില്ലാതെ ഒരേതരം നിയമങ്ങളനുസരിച്ച് ചലിച്ചുകൊണ്ടിരിക്കുന്നു. അല്ലാത്തപക്ഷം ആ രശ്മികൾ ഇവിടെ എത്തുകയോ മനുഷ്യൻ ഭൂമിയിലും അതിന്റെ പരിസരത്തും പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന പ്രകൃതിനിയമങ്ങൾ ഗ്രഹിക്കുന്നതിനുവേണ്ടി ആവിഷ്കരിച്ച ഉപകരണത്തിന്റെ പിടിത്തത്തിൽപെടുകയോ ഇല്ലായിരുന്നു. മുഴുവൻ പ്രപഞ്ചത്തിന്റെയും സ്രഷ്ടാവും ഉടമയും ആസൂത്രകനും ശാസകനും ഒരേയൊരു ദൈവം തന്നെയാണെന്ന് ഇതിൽനിന്നും അസന്ദിഗ്ധമായി സ്ഥാപിതമാകുന്നു.

| وَجَعَلْنَا سِرَاجًا وَهَّاجًا﴿١٣﴾<br>വ ജഅൽനാ സിറാജൻ വഹ്ഹാജാ | | |
|---|---|---|
| وَهَّاجًا | سِرَاجًا | وَجَعَلْنَا |
| വഹ്ഹാജാ | സിറാജൻ | വ ജഅൽനാ |
| അത്യുജ്ജ്വലവും അതിതപ്തവുമായ | ദീപം | നാം സ്ഥാപിച്ചില്ലയോ |

### 13- അത്യുജ്ജ്വലവും അതിതപ്തവുമായ ദീപവും സ്ഥാപിച്ചില്ലയോ?


ഈ കൊച്ചു വാക്യത്തിൽ അല്ലാഹുവിന്റെ ശക്തിയുടെയും യുക്തിയുടെയും അടയാളമായി ചൂണ്ടിക്കാണിച്ചിരിക്കുന്നത് ഭൂമിയെക്കാൾ 109 ഇരട്ടി വ്യാസവും 333,000 ഇരട്ടി ഘനവുമുള്ള സൂര്യനെയാണ്. അതിന്റെ താപനില 40,00,000 ഡിഗ്രി സെന്റിഗ്രേഡാണ്. ഭൂമിയിൽനിന്ന് ഒമ്പതുകോടി മുപ്പതുലക്ഷം മൈൽ അകലെയാണത് സ്ഥിതിചെയ്യുന്നത്. എന്നിട്ടും മനുഷ്യൻ നഗ്നദൃഷ്ടികൊണ്ട് അതിന്റെ നേരെ നോട്ടമുറപ്പിക്കാൻ ശ്രമിച്ചാൽ അവന്റെ കാഴ്ചതന്നെ പോയ്പ്പോകുമെന്നതാണ് അതിന്റെ പ്രകാശാവസ്ഥ. അതിന്റെ താപമോ, അതിന്റെ കാഠിന്യം മൂലം ഭൂമിയുടെ ചില ഭാഗങ്ങളിൽ ഉഷ്ണം 140 ഡിഗ്രി ഫാരൻഹീറ്റ് വരെ എത്തുന്നു. ഭൂമിയെ അവൻ കണിശമായ ഒരകലത്തിൽ സ്ഥാപിച്ചിരിക്കുന്നു. അടുപ്പംമൂലം അത് അത്യുഷ്ണത്തിന് വിധേയമാകുന്നില്ല. വിദൂരത മൂലം അതിശൈത്യത്തിനും വിധേയമാകുന്നില്ല. ഇക്കാരണം കൊണ്ടുതന്നെയാണ് ഇവിടെ മനുഷ്യന്നും ജന്തുജാലങ്ങൾക്കും സസ്യങ്ങൾക്കും ജീവിതം സാധ്യമായിത്തീർന്നത്. നമ്മുടെ ജീവിതത്തിനു നിമിത്തമായിത്തീർന്ന കണക്കില്ലാത്ത ശക്തികളുടെ ഖജനാവുകൾ അതിൽ ഉദ്ഭവിച്ച് ഭൂമിയിലെത്തിക്കൊണ്ടിരിക്കുന്നു. അതിന്റെതന്നെ താപമാണ് സമുദ്രജലത്തെ നീരാവിയാക്കി ഉയർത്തുന്നത്. അത് കാറ്റു മുഖേന ഭൂമിയുടെ വിവിധ ഭാഗങ്ങളിൽ പരക്കുകയും മഴയായി വർഷിക്കുകയും ചെയ്യുന്നു. ഈ സൂര്യനിൽ പ്രപഞ്ച സ്രഷ്ടാവ് അതിഗംഭീരമായ ഒരടുപ്പാണ് കത്തിച്ചുവെച്ചിരിക്കുന്നത്. കോടാനുകോടി വർഷങ്ങളായി അത് സൗരയൂഥത്തിലഖിലം പ്രകാശവും താപവും പലവിധ കിരണങ്ങളും പ്രസരിപ്പിച്ചുകൊണ്ടിരിക്കുന്നു.

| وَأَنزَلْنَا مِنَ الْمُعْصِرَاتِ مَاءً ثَجَّاجًا ﴿١٤﴾<br>വ അൻസൽനാ മിനൽ മുഅസിറാതി മാഅൻ സജ്ജാജാ | | | |
|---|---|---|---|
| ثَجَّاجًا | مَاءً | مِنَ الْمُعْصِرَاتِ | وَأَنزَلْنَا |
| സജ്ജാജാ | മാഅൻ | മിനൽ മുഅസിറാതി | വ അൻസൽനാ |
| ത്തിയൊഴുകുന്ന | വെള്ളം | കാർമുകിലിൽനിന്ന് | നാം ഇറക്കുകയും ചെയ്തു |

**14- കാർമുകിലിൽനിന്ന് കുത്തിയൊഴുകും വെള്ളമിറക്കി.**

ഭൂമിയിൽ മഴ സംവിധാനിച്ചതിലും സസ്യങ്ങളുടെ വളർച്ചയിലും അടങ്ങിയിട്ടുള്ള ദിവ്യശക്തികളുടെ മികവുകളെക്കുറിച്ച് ഖുർആനിൽ നിരവധി സ്ഥലങ്ങളിൽ ചർച്ച ചെയ്തിട്ടുണ്ട്.

ഓരോ പ്രദേശത്തിനും മിതവൃഷ്ടിയുടെ ഒരു തോത് നിശ്ചയിച്ചിരിക്കുന്നു. യുഗാന്തരങ്ങളായി വർഷാന്തം അത് ഒരേ രീതിയിൽ ആവർത്തിച്ചുവരുന്നു. ചില വർഷങ്ങളിൽ രണ്ടിഞ്ചും മറ്റു ചില വർഷങ്ങളിൽ ഇരുനൂറിഞ്ചും എന്ന നിലയിൽ ഒരു വ്യവസ്ഥയുമില്ലാതെയല്ല വർഷപാതമുണ്ടാകുന്നത്. കൂടാതെ വ്യത്യസ്ത കാലങ്ങളിലും വ്യത്യസ്ത സമയങ്ങളിലുമായി എല്ലായിടത്തേക്കും വ്യാപിപ്പിച്ചുകൊണ്ട് മൊത്തത്തിൽ വിപുലമായ തോതിൽ ഭൂമിയുടെ ജലസമൃദ്ധിക്ക് പ്രയോജനപ്രദമാകുന്ന രൂപത്തിലാണ് മഴ പെയ്യുന്നത്.. ഭൂമിയുടെ ചില ഭാഗങ്ങളിൽ ഏറെക്കുറെ തീരെ മഴ വിലക്കി ജലശൂന്യമായ മരുഭൂമിയുണ്ടാക്കുന്നതും ചില ഭാഗങ്ങളിൽ ചിലപ്പോൾ വരൾച്ചയുണ്ടാക്കുന്നതും ചിലപ്പോൾ അതിവൃഷ്ടിയുണ്ടാക്കുന്നതും അവന്റെ യുക്തിയുടെയും അറിവിന്റെയും അടിസ്ഥാനത്തിൽ തന്നെയാണ്. ജനവാസ പ്രദേശങ്ങളിൽ മഴയും അതിന്റെ വ്യവസ്ഥാപിതത്വവും എത്രമാത്രം മഹത്തായ ദൈവാനുഗ്രഹമാണെന്ന് മനുഷ്യൻ മനസ്സിലാക്കേണ്ടതിനാണത്. അലംഘനീയമായ തീരുമാനാധികാരമുള്ള മറ്റു യാതൊരു ശക്തിയും ഈ വ്യവസ്ഥയെ ഭരിക്കുന്നില്ലെന്നും ഒരു നാട്ടിലെ മഴയുടെ പൊതുവായ തോത് മാറ്റാനോ വിശാലമായ ഭൂപ്രദേശങ്ങളുടെ വൃഷ്ടി വിഹിതം വ്യത്യാസപ്പെടുത്താനോ കഴിവുള്ള ആരുമില്ലെന്നും അവർ ഓർക്കേണ്ടതിനും. വരാനിരിക്കുന്ന കൊടുങ്കാറ്റിനെ തടഞ്ഞുനിർത്താനോ ഉരുണ്ടുകൂടുന്ന കാർമേഘങ്ങളെ വലിച്ചുകൊണ്ടുപോയി വരൾച്ചയുള്ള സ്വന്തം നാട്ടിൽ ബലാൽക്കാരം മഴ പെയ്യിക്കാനോ സാധിക്കുന്നവരും ആരുമില്ലെന്നും അതവരെ ബോധ്യപ്പെടുത്തുന്നു.




സൃഷ്ടിയുടെ പ്രാരംഭവേളയിൽതന്നെ പ്രപഞ്ച സ്രഷ്ടാവ് അവന്റെ ജ്ഞാനപ്രകാരം അന്ത്യദിനം വരെക്കും ഭൂഗോളത്തിന്റെ ആവശ്യങ്ങൾക്ക് മതിയാകുന്നത്ര ജലം മണ്ണിൽ നിക്ഷേപിച്ചിരിക്കുന്നു. ആ ജലം ഭൂമിയുടെ താഴ്ന്ന ഭാഗങ്ങളിൽ ശേഖരിക്കപ്പെട്ടു. അങ്ങനെ അവിടെ സമുദ്രവും തടാകവുമൊക്കെയായി സൃഷ്ടിക്കപ്പെട്ടു. ഭൂഗർഭത്തിലും ജലമുണ്ടായി. ചൂടും തണുപ്പും കാറ്റും മുഖേന മാറിമറിഞ്ഞുവരുന്നത് ഇതേ വെള്ളംതന്നെയാണ്. മഴ, മഞ്ഞുമലകൾ, നദികൾ, ഉറവിടങ്ങൾ, കിണറുകൾ എന്നിവയിലൂടെ ഭൂമിയുടെ വിവിധ ഭാഗങ്ങളിൽ വ്യാപിക്കുന്നതും എണ്ണമറ്റ വസ്തുക്കളുടെ വളർച്ചയിൽ പങ്കാളിയാകുന്നതും ഘടനയിൽ ഉൾക്കൊള്ളുന്നതും അനന്തരം വീണ്ടും ആവിയായി അന്തരീക്ഷത്തിൽ ലയിച്ച് അസ്സൽ ഭണ്ഡാരത്തിലേക്ക് തിരിച്ചുപോകുന്നതും ഈ

വെള്ളംതന്നെ. ആരംഭംമുതൽ ഇന്നുവരെ ഈ ശേഖരത്തിൽനിന്ന് ഒരു തുള്ളിപോലും കുറഞ്ഞുപോയിട്ടില്ല. ഒരു തുള്ളിപോലും കൂട്ടിച്ചേർക്കേണ്ട ആവശ്യവും ഇന്നുവരെ ഉണ്ടായിട്ടില്ല.

ഇതിനേക്കാൾ അദ്ഭുതകരമായ മറ്റൊരു സംഗതിയുണ്ട്. അതായത്, ഹൈഡ്രജനും ഓക്സിജനും ചേർന്നാണ് ജലമുണ്ടാകുന്നതെന്ന് ഇന്ന് പ്രൈമറി സ്കൂളിലെ വിദ്യാർഥികൾക്കുപോലും അറിയാവുന്നതാണ്. സമുദ്രങ്ങൾ നിറയെ ജലം കാണുന്നു. അതിൽ ഒരു കണം പോലും വർധിക്കുന്നില്ല. ആദിയിൽ ഹൈഡ്രജനും ഓക്സിജനും കൂട്ടിക്കലർത്തി ഇത്രയേറെ ജലം സൃഷ്ടിച്ചതാരാണ്? പ്രസ്തുത രണ്ടു ഘടകങ്ങളും ഇപ്പോഴും അന്തരീക്ഷത്തിൽ ധാരാളമുണ്ട്. എന്നിട്ടും ഈ രണ്ടു ഘടകങ്ങൾക്കും ആ പ്രത്യേക അനുപാതത്തിലുള്ള സംയോജനം നൽകാതിരിക്കുന്നവൻ ആരാണ്? നീരാവിയിലെ ഹൈഡ്രജനും ഓക്സിജനും വേർതിരിഞ്ഞ് അന്തരീക്ഷത്തിലെ ഓക്സിജനുമായും ഹൈഡ്രജനുമായും കൂടിച്ചേരുന്നതിനെ തടയുന്നവനാരാണ്? നാസ്തികരുടെ പക്കൽ ഇതിനു വല്ല മറുപടിയുമുണ്ടോ? വെള്ളത്തിനും വായുവിനും താപത്തിനും ശീതത്തിനും വ്യത്യസ്ത ദൈവങ്ങളാണുള്ളതെന്ന് വിശ്വസിക്കുന്നവരുടെ പക്കൽ ഇതിന് എന്തുത്തരമാണുള്ളത്? ഖുർആൻ ചോദിക്കുന്നു: "ആലോചിച്ചു നോക്കിയിട്ടുണ്ടോ, നിങ്ങളുടെ ഉറവിടങ്ങളിലെ ജലം ഭൂമിയിൽ താണുപോവുകയാണെങ്കിൽ ആരാണ് നിങ്ങൾക്ക് നീരുറവകളുണ്ടാക്കിത്തരിക?"

| لِّنُخْرِجَ بِهِ حَبًّا وَنَبَاتًا﴿١٥﴾<br>ലി നുഖ്‌രിജ ബിഹി ഹബ്ബൻ വ്വനബാതാ | | | |
|---|---|---|---|
| وَنَبَاتًا | حَبًّا | بِهِ | لِّنُخْرِجَ |
| വ നബാതാ | ഹബ്ബൻ | ബിഹി | ലി നുഖ്‌രിജ |
| ചെടികളും | ധാന്യം | അതുവഴി | ഉൽപാദിപ്പിക്കാൻ |

## 15- അതുവഴി ധാന്യവും ചെടികളും ഉൽപാദിപ്പിക്കാൻ.

ഓരോ വർഷവും കൺമുമ്പിലൂടെ കടന്നുപോവുന്ന ഒരു ദൃശ്യമാണിത്. ഭൂമി തികച്ചും വരണ്ട മൈതാനമായി മാറുന്നു. അതിൽ ജീവിതത്തിന്റെ ഒരടയാളവും കാണപ്പെടുന്നില്ല. പുല്ലും വള്ളിയുമില്ല; ഫലമൂലങ്ങളില്ല; ഇലകളും പൂക്കളുമില്ല; ഭൂമിയിലെ പ്രാണികൾ പോലുമില്ല. അങ്ങനെയിരിക്കെ മഴക്കാലം വരുന്നു. ഒന്നു രണ്ട് ചെറിയ മഴ പെയ്യുകയേ വേണ്ടൂ. അപ്പോഴേക്കും ഇതേ ഭൂമിയിൽ ജീവിതത്തിന്റെ ഉറവകൾ പൊട്ടിയൊഴുകാൻ തുടങ്ങുന്നു. ഭൂമിയുടെ പാർശ്വങ്ങളിൽ ഒതുങ്ങി മറഞ്ഞു കിടന്നിരുന്ന കണക്കില്ലാത്ത ബീജങ്ങൾ പെട്ടെന്ന് ജീവത്താകുന്നു. ഓരോന്നിന്റെയും ഉള്ളിൽനിന്ന് കഴിഞ്ഞ വർഷക്കാലത്ത് മുളച്ചുവന്നശേഷം മരിച്ചു കഴിഞ്ഞിരുന്ന ചെടികൾ വീണ്ടും മുളച്ചു പൊങ്ങുന്നു. വേനൽക്കാലത്ത് പേരും കുറിയുമില്ലാതിരുന്ന കണക്കറ്റ പ്രാണികൾ കഴിഞ്ഞ വർഷക്കാലത്ത് കാണപ്പെട്ടിരുന്ന പോലെത്തന്നെ പെട്ടെന്ന് വീണ്ടും കാണപ്പെടുന്നു.

| وَجَنَّاتٍ أَلْفَافًا ﴿١٦﴾<br>വ ജന്നാതിൻ അൽഫാഫാ | |
|---|---|
| أَلْفَافًا | وَجَنَّاتٍ |
| അൽഫാഫാ | വ ജന്നാതിൻ |
| ഇടതൂർന്ന | തോട്ടങ്ങളും |

## 16- ഇടതൂർന്ന തോട്ടങ്ങളും.

ഇടതൂർന്ന വനങ്ങൾ വ്യത്യസ്ത ചെടികളാലും മരങ്ങളാലും നിറഞ്ഞതായിരിക്കും. ഒരു ചെടിയിലോ മരത്തിലോ കായ്ക്കുന്ന മുഴുവൻ വിത്തുകളും മുളച്ച് വളർന്നാൽ പ്രദേശമാകെ ഏതാനും വർഷങ്ങൾക്കകം മറ്റുള്ളവക്ക് വളരാനുള്ള ഇടമില്ലാത്തവിധം ഒരേ ഇനം ചെടികളും മരങ്ങളും കൊണ്ട് നിറയും. എന്നാൽ മുളക്കാൻ അർഹമായതാണെങ്കിലും എല്ലാ വിത്തുകളെയും മുളച്ചു വളരാനനുവദിക്കാതെ വൈവിധ്യങ്ങളും വൈജാത്യങ്ങളും

നിലനിർത്തി എല്ലാറ്റിനും വളരാനുള്ള ക്രമീകരണങ്ങളും നിയന്ത്രണങ്ങളും പ്രപഞ്ചത്തിൽ ഏർപ്പെടുത്തിയിരിക്കുന്നു. ഒരേ ഭൂമിയിലെ ഒരേ കാലാവസ്ഥയിൽ ഒരേ വെള്ളവും, വായുവും, ലവണങ്ങളും സ്വീകരിച്ച് തഴച്ചു വളരുന്ന ചെടികൾ തീർത്തും വ്യത്യസ്ത രുചികളും, ഗുണങ്ങളുമുള്ള ഫലങ്ങൾ ഉത്പാദിപ്പിച്ചു കൊണ്ടിരിക്കുന്നു.

ഇതെല്ലാം നിങ്ങളുടെ ജീവിതത്തിൽ പലതവണ നിങ്ങൾ കണ്ടുകൊണ്ടിരിക്കുന്നതാണ്. എന്നിട്ടും അല്ലാഹു മനുഷ്യരെ മരണശേഷം വീണ്ടും ജീവിപ്പിക്കുമെന്ന് പ്രവാചകന്റെ നാവിലൂടെ കേൾക്കുമ്പോൾ നിങ്ങൾ ആശ്ചര്യഭരിതരാകുന്നുണ്ടെങ്കിൽ അതിന്റെ കാരണം നിങ്ങളുടെ ദൃഷ്ടികൾ കാണുന്ന സത്യത്തെ അംഗീകരിക്കാൻ മനസ്സ് പാകപ്പെട്ടിട്ടില്ല എന്നതല്ലാതെ മറ്റെന്താണ്? നിങ്ങൾ പ്രപഞ്ചത്തിലെ അദ്ഭുതദൃശ്യങ്ങൾ കാണുന്നുണ്ട്. പക്ഷേ, അവയ്ക്ക് പിന്നിൽ സ്രഷ്ടാവിന്റെ കഴിവിന്റെയും യുക്തിയുടെയും ദൃഷ്ടാന്തങ്ങൾ കാണുന്നില്ല. മറിച്ചാണെങ്കിൽ നബിതിരുമേനിയുടെ വിവരണങ്ങൾ കേൾക്കുമ്പോൾ യഥാർഥത്തിൽ ഈ ദൃഷ്ടാന്തങ്ങളെല്ലാം ആ വിവരണത്തെ പ്രബലമാക്കുകയാണ് ചെയ്യുന്നതെന്ന് നിങ്ങൾ വിളിച്ചുപറയുമായിരുന്നു.

ഈ സൂക്തങ്ങളിൽ പല പല അടയാളങ്ങളും സാക്ഷ്യങ്ങളും ചൂണ്ടിക്കാട്ടിക്കൊണ്ട് പരലോക നിഷേധികളോടു പറയുകയാണ്: നിങ്ങൾ കണ്ണുതുറന്ന് ഒന്നു നോക്കുക. ഭൂമി, അതിലെ പർവതങ്ങൾ, നിങ്ങളുടെ ജനനം, ഉറക്കം, ഉണർവ്, രാപകൽ ക്രമം, പ്രപഞ്ചത്തെ നിലനിർത്തുന്ന വ്യവസ്ഥ, ആകാശത്തിൽ കത്തിജ്ജ്വലിച്ചു നിൽക്കുന്ന സൂര്യൻ, മേഘങ്ങൾ വർഷിക്കുന്ന മഴ, അതുണ്ടാക്കുന്ന സസ്യലതാദികൾ-ഇവയൊക്കെ സൂക്ഷിച്ചു വീക്ഷിച്ചാൽ നിങ്ങൾക്ക് രണ്ടു കാര്യങ്ങൾ വ്യക്തമാകും.

ഒന്ന്: ഇതൊന്നും അജയ്യമായ ഒരു ശക്തിയെക്കൂടാതെ ഉണ്ടാവുകയോ ഇത്ര വ്യവസ്ഥാപിതമായി ചലിച്ചുകൊണ്ടിരിക്കുകയോ സാധ്യമല്ല. രണ്ട്: അവയിലോരോന്നിലും മഹത്തായ ഒരു യുക്തി പ്രവർത്തിക്കുന്നുണ്ട്. ഒന്നും തന്നെ ഉദ്ദേശ്യരഹിതമായി ഉണ്ടാകുന്നില്ല. ഇനി ഈ വസ്തുക്കളെല്ലാം നിലവിൽ വരുത്താൻ ശക്തനായവനാരോ അവൻ ഇവയെ ഇല്ലാതാക്കാനും മറ്റൊരു രൂപത്തിൽ വീണ്ടും നിലവിൽവരുത്താനും ശക്തനായിരിക്കുകയില്ല എന്നു പറയുന്നത് എത്ര മാത്രം അവിവേകമാണ്!

| إِنَّ يَوْمَ الْفَصْلِ كَانَ مِيقَاتًا﴿١٧﴾<br>ഇന്ന യൗമൽ ഫസ് ലി കാന മീഖാതാ | | | |
|---|---|---|---|
| مِيقَاتًا | كَانَ | يَوْمَ الْفَصْلِ | إِنَّ |
| മീഖാതാ | കാന | യൗമൽ ഫസ് ലി | ഇന്ന |
| സമയനിർണിതം | ആയി | വിധിദിനം | നിശ്ചയമായും |

**17- നിശ്ചയമായും വിധിദിനം സമയനിർണിതമാണ്.**

അന്ത്യദിനം സംഭവിക്കുക എന്നത് പ്രകൃതിയുടെ തേട്ടമാണ്. നീതി പുലരാൻ ആഗ്രഹിക്കുന്ന മനുഷ്യപ്രകൃതി ആ ദിനത്തിനായി കാത്തിരിക്കുന്നു. മനുഷ്യൻ തനിക്കു ലഭിച്ച സൗകര്യങ്ങൾ നല്ലനിലയിൽ ഉപയോഗിച്ചാലും ചീത്തയായി ഉപയോഗിച്ചാലും അതിന് യാതൊരു അനന്തരഫലവും ഇല്ലാതിരിക്കുക, ആജീവനാന്തം നന്മകൾ ചെയ്യാതെ മരിച്ചുപോയാലും മണ്ണിൽ അലിഞ്ഞുചേർന്ന് അവസാനിക്കുക, ദുഷ്ടതകൾ മാത്രം പ്രവർത്തിച്ചു പോയവനും മണ്ണിൽ അലിഞ്ഞുചേർന്ന് ഇല്ലാതാവുകതന്നെ! നന്മ ചെയ്തവന് അവന്റെ നന്മയ്ക്ക് ഒരു പ്രതിഫലവും ലഭിക്കാതിരിക്കുക, തിന്മ ചെയ്തവൻ വിചാരണയും ശിക്ഷയും നേരിടാതിരിക്കുക-ഇതൊന്നും സാമാന്യബുദ്ധിക്കുപോലും നിരക്കുന്നതല്ല. ഈ പ്രപഞ്ചത്തിൽ ഒരു കാര്യവും അലക്ഷ്യമായി ചെയ്തിട്ടില്ലാത്ത യുക്തിജ്ഞൻ തന്റെ ഭൂമിയിൽ മനുഷ്യനെ, ബുദ്ധിയും ബോധവും, നന്മതിന്മകൾ വിവേചിക്കാനുള്ള കഴിവും, അനുസരിക്കാനും ധിക്കരിക്കാനുമുള്ള സ്വാതന്ത്ര്യവും, തന്റെ കണക്കറ്റ സൃഷ്ടികളുടെ മേലുള്ള കൈകാര്യാധികാരവും നൽകി വിട്ടിരിക്കുന്നത് ഉദ്ദേശ്യരഹിതമായിട്ടാണെന്നു പറയുന്നത് ബുദ്ധിശൂന്യതയാണ്. മരണാനന്തര ജീവിതവും അന്ത്യനാളും പരലോകവുമൊക്കെ സ്ഥാപിക്കാൻ വിശുദ്ധ ഖുർആൻ ഈ ന്യായങ്ങൾ പലയിടത്തും ആവർത്തിച്ചുന്നയിച്ചിട്ടുണ്ട്.

| يَوْمَ يُنفَخُ فِي الصُّورِ فَتَأْتُونَ أَفْوَاجًا﴿١٨﴾<br>യൗമ യുന്ഫഖു ഫിസ്സൂരി ഫ തഅ്തൂന അഫ്വാജാ | | | |
|---|---|---|---|
| أَفْوَاجًا | فَتَأْتُونَ | فِي الصُّورِ | يَوْمَ يُنفَخُ |
| അഫ്വാജാ | ഫ തഅ്തൂന | ഫിസ്സൂരി | യൗമ യുന്ഫഖു |
| കൂട്ടംകൂട്ടമായി | നിങ്ങള്‍ വന്നെത്തും | കാഹളത്തില്‍ | ഊതപ്പെടുന്ന ദിനത്തില്‍ |

**18- കാഹളം ഊതുന്ന ദിനമാണത്. അപ്പോള്‍ നിങ്ങള്‍ കൂട്ടംകൂട്ടമായി വന്നെത്തും.**

ലോകാവസാനത്തിന്റെ ഭാഗമായി സംഭവിക്കുന്ന കാഹളത്തിലെ ഊത്താണിവിടെ പ്രതിപാതിക്കുന്നത്. കാഹളത്തിലെ അവസാന ശബ്ദമുയരുമ്പോള്‍ മരിച്ചുപോയ സകല മനുഷ്യരും ഞൊടിയിടയില്‍ ജീവിച്ചെഴുന്നേല്‍ക്കുന്നു. നിങ്ങള്‍ എന്നതുകൊണ്ട് വിവക്ഷ അന്നത്തെ അഭിസംബോധിതര്‍ മാത്രമല്ല, ആദിപിതാവ് മുതല്‍ ലോകാവസാനം വരെ ജനിച്ചു മരിച്ച സകല മനുഷ്യരുമാകുന്നു.

നബി തിരുമേനി ലോകാവസാനവുമായി ബന്ധപ്പെട്ടുള്ള കുഴലൂത്തിന്റെ മൂന്ന് സന്ദര്‍ഭങ്ങള്‍ വിവരിച്ചിട്ടുണ്ട്. ഒന്നാമത്തെ ഊത്തോടെ ലോകമാകമാനം പരിഭ്രാന്തരാകുന്നു. രണ്ടാമത്തെ ഊത്തില്‍ സര്‍വരും മരിച്ചുവീഴുന്നു. മൂന്നാമത്തെ ഊത്തോടെ എല്ലാവരും ജീവനുള്ളവരായി അല്ലാഹുവിന്റെ മുമ്പില്‍ സന്നിഹിതരാകുന്നു. തുടര്‍ന്ന് പ്രഥമ ഊത്തിന്റെ സ്വഭാവം വര്‍ണിച്ചുകൊണ്ട് അവിടന്ന് പറയുന്നു: അപ്പോള്‍ ഭൂമി തിരമാലകളില്‍പ്പെട്ട് ചാഞ്ചാടുന്ന കപ്പല്‍പോലെ ആയിത്തീരുന്നു. അല്ലെങ്കില്‍ കാറ്റേറ്റ് ആടിയുലയുന്ന തിരിനാളം പോലെ. ആ സന്ദര്‍ഭത്തില്‍ ഭുവാസികളഭിമുഖീകരിക്കുന്ന അവസ്ഥയുടെ ചിത്രം വിശുദ്ധ ഖുര്‍ആന്‍ വിവിധ സ്ഥലങ്ങളില്‍ വരച്ചുകാണിച്ചിട്ടുണ്ട്. ഉദാഹരണമായി, "കാഹളത്തില്‍ ഒരു വട്ടം ഊതപ്പെടുകയും ഭൂമിയും പര്‍വതങ്ങളും പൊക്കിയെടുത്ത് ഒറ്റയടിക്ക് ഉടച്ചു ധൂളിയാക്കപ്പെടുകയും ചെയ്യുമ്പോള്‍, അന്നാളിലാണ് അനിവാര്യമായ ആ സംഭവം സമാഗതമാവുക" (സൂറ: അല്‍ഹാഖ 13-15). "ഭൂമി തികഞ്ഞ രൗദ്രതയോടെ വിറപ്പിക്കപ്പെടുമ്പോള്‍, ഭൂമി അതിനുള്ളിലെ ഭാരങ്ങള്‍ പുറംതള്ളുമ്പോള്‍, അതിനെന്തു പറ്റിപ്പോയി എന്നു മനുഷ്യന്‍ വിലപിക്കുമ്പോള്‍" (സൂറ: സില്‍സാല്‍ 1-3). "മഹാ പ്രകമ്പനത്തിന്റെ ദിവസം തുടര്‍ന്ന് മറ്റൊരു സ്ഫോടനവും കൂടി സംഭവിക്കുന്നു. അന്ന് ചില ഹൃദയങ്ങള്‍ പേടിച്ചു വിറക്കുന്നു. അവരുടെ കണ്ണുകള്‍ ഭയത്താല്‍ തുറിച്ചുപോകും" (സൂറ: അന്നാസിആത്ത് 6-9). "ഭൂമി കിടുകിടാ വിറപ്പിക്കപ്പെടുകയും പര്‍വതങ്ങള്‍ തരിപ്പണമാക്കപ്പെടുകയും അങ്ങനെ അവ വായുവില്‍ പറക്കുന്ന ധൂളികളായിത്തീരുകയും ചെയ്യുന്ന സന്ദര്‍ഭം" (സൂറ: അല്‍വാഖിഅ 4-6). "നിങ്ങള്‍ സത്യത്തെ നിഷേധിക്കുകയാണെങ്കില്‍, കുട്ടികളെ നരച്ചവരാക്കിക്കളയുകയും ആകാശം പൊട്ടിത്തകരുകയും ചെയ്യുന്ന ആ നാളില്‍ നിങ്ങള്‍ രക്ഷപ്പെടുന്നതെങ്ങനെ?" (സൂറ: അല്‍മുസ്സമില്‍ 17-18).

| وَفُتِحَتِ السَّمَاءُ فَكَانَتْ أَبْوَابًا﴿١٩﴾<br>വ ഫുതിഹതി സ്സമാഉ ഫകാനത് അബ്വാബാ | | | |
|---|---|---|---|
| أَبْوَابًا | فَكَانَتْ | السَّمَاءُ | وَفُتِحَتِ |
| അബ്വാബാ | ഫകാനത് | അസ്സമാഉ | വ ഫുതിഹത് |
| കവാടങ്ങള്‍ | അപ്പോള്‍ ആയിത്തീരും | ആകാശം | തുറക്കപ്പെട്ടു |

**19- ആകാശം തുറക്കപ്പെടും. അത് അനേകം കവാടങ്ങളായിത്തീരും.**

അവസാനത്തെ കാഹളമൂത്തിന്റെ സമയത്ത് സംജാതമാകുന്ന അവസ്ഥയാണ് ഇവിടെ പറയുന്നത്. ഉപരിലോകത്തെ ബന്ധനങ്ങളും തടസ്സങ്ങളും നിലനില്‍ക്കുകയില്ല എന്നാണ് 'ആകാശം തുറക്കപ്പെടും' എന്നതിനര്‍ഥം. നാനാഭാഗത്തും ആകാശവിപത്തുകള്‍ പൊട്ടിവീണുകൊണ്ടിരിക്കും. അപ്പോള്‍ അവയുടെ ആഗമനാര്‍ഥം സകല കവാടങ്ങളും തുറന്നിട്ടിരിക്കുകയാണെന്നും ഒരു വാതിലും അവയെ തടയുന്നതായി അടഞ്ഞുകിടപ്പില്ലെന്നും തോന്നിപ്പോകും.

| وَسُيِّرَتِ الْجِبَالُ فَكَانَتْ سَرَابًا﴿٢٠﴾<br>വ സുയ്യിറതിൽ ജിബാലു ഫകാനത് സറാബാ | | | |
|---|---|---|---|
| سَرَابًا | فَكَانَتْ | الْجِبَالُ | وَسُيِّرَتِ |
| സറാബാ | ഫകാനത് | അൽ ജിബാലു | വ സുയ്യിറത് |
| മരീചിക | അപ്പോൾ ആയിത്തീരും | പർവതങ്ങൾ | ഇളകി നീങ്ങി |

**20- പർവതങ്ങൾ ഇളകി നീങ്ങും. അവ മരീചികയാകും.**

പർവതങ്ങൾ ചലിക്കുകയും കാനലായിപ്പോവുകയും ചെയ്യുക എന്നതിന്റെ താൽപര്യമിതാണ്: നോക്കിയിരിക്കെ മലകൾ അവയുടെ സ്ഥാനത്തുനിന്ന് ഇളകിയുയർന്നു പറക്കും. പിന്നെ ധൂളികളായി ചിതറിപ്പോകും. നേരത്തെ, പർവതങ്ങൾ നിന്ന സ്ഥലം വിശാലമായ തരിശുമൈതാനം മാത്രമായിത്തീരും. ഈ അവസ്ഥയെ സൂറ ത്വാഹായിൽ വിവരിച്ചിട്ടുള്ളതിങ്ങനെയാണ്: ''ഇക്കൂട്ടർ നിന്നോടു ചോദിക്കുന്നുണ്ടല്ലോ, അന്നാളിൽ ഈ പർവതങ്ങളൊക്കെ എങ്ങോട്ടു പോകുമെന്ന്. അവരോടു പറയുക: അവയെ ധൂളിയാക്കി പറത്തിക്കളയും. ഭൂമിയെ നിരന്ന മൈതാനമാക്കും. അതിൽ യാതൊരു നിമ്നോന്നതിയും നിനക്കു കാണാനാവില്ല'' (ത്വാഹാ 105-107).

രണ്ടാമത്തെ ഊത്ത് നടക്കുമ്പോഴുണ്ടാകുന്ന അവസ്ഥ അനന്തരസൂക്തങ്ങളിൽ പറഞ്ഞിരിക്കുന്നു. ''അന്നാളിൽ കാഹളം ഊതപ്പെടുന്നു. അപ്പോൾ വാന-ഭുവനങ്ങളിലുള്ളവരൊക്കെയും മരിച്ചുവീഴുന്നു- ജീവനുള്ളവരായിരിക്കാൻ അല്ലാഹു ഉദ്ദേശിച്ചവരൊഴികെ. പിന്നെ മറ്റൊരു ഊത്തുണ്ടാകും. അപ്പോഴതാ എല്ലാവരും എഴുന്നേറ്റ് നോക്കാൻ തുടങ്ങുന്നു.'' (അൽഹാഖ സൂക്തം 10)

| إِنَّ جَهَنَّمَ كَانَتْ مِرْصَادًا﴿٢١﴾<br>ഇന്ന ജഹന്നമ കാനത് മിർസ്വാദാ | | |
|---|---|---|
| مِرْصَادًا | كَانَتْ | إِنَّ جَهَنَّمَ |
| മിർസ്വാദാ | കാനത് | ഇന്ന ജഹന്നമ |
| പതിസ്ഥലം | ആകുന്നു | വാസ്തവത്തിൽ നരകം |

**21- വാസ്തവത്തിൽ നരകം ഒരു പതിസ്ഥലമാണ്.**

ഇരകളെ കുടുക്കുന്നതിനുവേണ്ടി ഒരുക്കുന്ന സ്ഥലമാണ് പതിസ്ഥലം. ഇരകൾ ഓർക്കാതെ അതിൽ വന്നെത്തുകയും പെട്ടെന്ന് കുടുങ്ങിപ്പോവുകയും ചെയ്യുന്നു. ഇവിടെ നരകത്തെയാണ് ഈ പദം കൊണ്ടു വിശേഷിപ്പിച്ചത്. അതായത്, ദൈവിക സാമ്രാജ്യം തനിക്കൊരു തുറന്ന സങ്കേതമാണെന്നും ഇവിടെ ആരുടെയും ശിക്ഷ പ്രതീക്ഷിക്കേണ്ടതില്ലെന്നും കരുതിക്കൊണ്ട് ഈ ലോകത്ത് നിർഭയനായി കൂത്താടി നടക്കുകയാണ് ദൈവനിഷേധി. പക്ഷേ, നരകം അവനുവേണ്ടി മറഞ്ഞുകിടക്കുന്ന ഒരു പതിസ്ഥലമാകുന്നു. ആകസ്മികമായി അവൻ ആ വലയിൽ ചെന്നുവീഴുകയും അതിൽതന്നെ കുടുങ്ങിപ്പോവുകയും ചെയ്യും

| لِّلطَّاغِينَ مَآبًا ﴿٢٢﴾<br>ലിത്ത്വാഗീന മആബാ | |
|---|---|
| مَآبًا | لِّلطَّاغِينَ |
| മആബാ | ലിത്ത്വാഗീന |
| സങ്കേതം | അതിക്രമികളുടെ |

**22- അതിക്രമികളുടെ സങ്കേതം.**

| لَّابِثِينَ فِيهَا أَحْقَابًا﴿٢٣﴾<br>ലാബിസീന ഫീഹാ അഹ്ഖാബാ | | |
|---|---|---|
| أَحْقَابًا | فِيهَا | لَّابِثِينَ |
| അഹ്ഖാബാ | ഫീഹാ | ലാബിസീന |
| യുഗങ്ങളോളം | അതിൽ | വസിക്കുന്നവരാകുന്നു |

**23- അവരതിൽ യുഗങ്ങളോളം വസിക്കും.**

ഒരു ഘട്ടം കഴിഞ്ഞാൽ ഉടനെ അടുത്ത ഘട്ടം ആരംഭിക്കുന്ന തുടർച്ചയായി വരുന്ന ദീർഘകാലമാണുദ്ദേശം. നരകസ്ഥരെസ്സംബന്ധിച്ച് ശാശ്വതവാസം എന്ന പദം ഖുർആനിൽ 34 തവണ ആവർത്തിച്ച് വന്നിട്ടുണ്ട്. ഒരിടത്ത് അസന്ദിഗ്ധമായി പ്രസ്താവിക്കുന്നു: ‘‘അവർ നരകത്തിൽനിന്ന് പുറത്തുകടക്കാൻ കൊതിക്കും. പക്ഷേ, അവരൊരിക്കലും പുറത്തുകടക്കുന്നവരല്ല. നിലനിൽക്കുന്ന ശിക്ഷയാണവർക്കുള്ളത്’’ (അൽമാഇദ 37). മറ്റൊരിടത്ത് അരുളുന്നു: ‘‘ആകാശഭൂമികൾ നിലനിൽക്കുന്ന കാലത്തോളം അവർ ഈ അവസ്ഥയിൽ വസിക്കും - നിന്റെ നാഥൻ ഉദ്ദേശിച്ചാലൊഴിച്ച്.’’ ഇത് സ്വർഗാവകാശികളെ കുറിച്ചും പറഞ്ഞിട്ടുണ്ട്: ‘‘ആകാശഭൂമികൾ നിലനിൽക്കുന്ന കാലത്തോളം അവർ എന്നെന്നും സ്വർഗ്ഗത്തിൽ വസിക്കും -എന്റെ നാഥൻ ഉദ്ദേശിച്ചാലൊഴിച്ച്’’ (ഹൂദ് 107, 108). സ്പഷ്ടമായ ഈ പ്രഖ്യാപനങ്ങൾ പ്രകാരം ദൈവനിഷേധികളുടെ നരകവാസം ശാശ്വതമായിരിക്കും. എന്നെങ്കിലും അതവസാനിക്കുന്നില്ല.

| لَّا يَذُوقُونَ فِيهَا بَرْدًا وَلَا شَرَابًا﴿٢٤﴾<br>ലാ യദൂഖൂന ഫീഹാ ബർദൻ വലാ ശറാബാ | | | |
|---|---|---|---|
| وَلَا شَرَابًا | بَرْدًا | فِيهَا | لَّا يَذُوقُونَ |
| വലാ ശറാബാ | ബർദൻ | ഫീഹാ | ലാ യദൂഖൂന |
| കുടിനീരും | തണുപ്പ് | അതിൽ | അവർ ആസ്വദിക്കില്ല |

**24- കുളിരോ കുടിനീരോ അവരവിടെ അനുഭവിക്കുകയില്ല.**

| إِلَّا حَمِيمًا وَغَسَّاقًا ﴿٢٥﴾<br>ഇല്ലാ ഹമീമൻ  വ ഗസ്സാഖാ | |
|---|---|
| وَغَسَّاقًا | إِلَّا حَمِيمًا |
| വ ഗസ്സാഖാ | ഇല്ലാ ഹമീമൻ |
| ദുർന്നീരും | തിളക്കുന്ന വെള്ളമല്ലാതെ |

**25- തിളക്കുന്ന വെള്ളവും വ്രണങ്ങളുടെ ദുർന്നീരുമല്ലാതെ.**

ഗസ്സാഖ് എന്ന പദം ചലം, നീര്, ദുഷ്ട് എന്നിവയ്ക്കും ദണ്ഡനത്തിന്റെ ഫലമായി കണ്ണിൽനിന്നും ചർമത്തിൽനിന്നും പുറപ്പെടുന്ന എല്ലാ നനവുകൾക്കും ഉപയോഗിക്കാറുണ്ട്. കൂടാതെ രൂക്ഷമായ ദുർഗന്ധം, ചീഞ്ഞുനാറ്റം എന്നീ അർഥങ്ങളിലും ഈ പദം ഉപയോഗിച്ചുവരുന്നു.

| جَزَاءً وِفَاقًا ﴿٢٦﴾<br>ജസാഅൻ വിഫാഖാ | |
|---|---|
| وِفَاقًا | جَزَاءً |
| വിഫാഖാ | ജസാഅൻ |
| അർഹിക്കുന്ന | പ്രതിഫലം |

**26- അർഹിക്കുന്ന പ്രതിഫലം.**

| إِنَّهُمْ كَانُوا لَا يَرْجُونَ حِسَابًا ﴿٢٧﴾<br>ഇന്നഹും കാനൂ ലാ യർജൂന ഹിസാബാ | | | |
|---|---|---|---|
| حِسَابًا | لَا يَرْجُونَ | كَانُوا | إِنَّهُمْ |
| ഹിസാബാ | ലാ യർജൂന | കാനൂ | ഇന്നഹും |
| വിചാരണ | പ്രതീക്ഷിക്കുന്നവരല്ല | ആയിരുന്നു | തീർച്ചയായും അവർ |

**27- തീർച്ചയായും അവർ വിചാരണ പ്രതീക്ഷിക്കുന്നവരായിരുന്നില്ല.**

| وَكَذَّبُوا بِآيَاتِنَا كِذَّابًا ﴿٢٨﴾<br>വ കദ്ദബൂ ബി ആയാതിനാ കിദ്ദാബാ | | |
|---|---|---|
| كِذَّابًا | بِآيَاتِنَا | وَكَذَّبُوا |
| കിദ്ദാബാ | ബി ആയാതിനാ | വ കദ്ദബൂ |
| കള്ളമാക്കൽ | നമ്മുടെ താക്കീതുകളെ | അവർ കള്ളമാക്കി |

**28- നമ്മുടെ താക്കീതുകളെ അവർ അപ്പാടെ കള്ളമാക്കി തള്ളി.**

ഭയാനകമായ നരകത്തിന് അവർ അർഹരായിത്തീരുന്നതിന്റെ കാരണം ഇതാകുന്നു.

ഒന്ന്: പ്രപഞ്ച സ്രഷ്ടാവിവിന്റെ സമക്ഷം ഹാജരായി സ്വന്തം കർമങ്ങൾക്ക് സമാധാനം ബോധിപ്പിക്കേണ്ടിവരുന്ന ഒരു നാളൊന്നും വരാനില്ല എന്ന വിചാരത്തോടെ ജീവിതം നയിച്ചു.

രണ്ട്: ദൈവം തന്റെ പ്രവാചകന്മാരിലൂടെ അവരുടെ മാർഗദർശനാർഥം അയച്ച ദൃഷ്ടാന്തങ്ങളും സൂക്തങ്ങളും തെല്ലും അംഗീകരിക്കാൻ കൂട്ടാക്കാതെ നിസ്സങ്കോചം കള്ളമെന്ന് വിധിച്ചു.

| وَكُلَّ شَيْءٍ أَحْصَيْنَاهُ كِتَابًا ﴿٢٩﴾<br>വ കുല്ല ശൈഇൻ അഹ്സ്വയ്നാഹു കിതാബാ | | |
|---|---|---|
| كِتَابًا | أَحْصَيْنَاهُ | وَكُلَّ شَيْءٍ |
| കിതാബാ | അഹ്സ്വയ് നാഹു | വ കുല്ല ശൈഇൻ |
| ഗ്രന്ഥ രൂപേണ | നാം  രേഖപ്പെടുത്തിയിട്ടുണ്ടായിരുന്നു | ഓരോ സംഗതിയും |

**29- നാമോ, ഓരോ സംഗതിയും കൃത്യമായി രേഖപ്പെടുത്തിയിട്ടുണ്ടായിരുന്നു.**

അതായത്, അവന്റെ വാക്കുകളും കർമങ്ങളും അനക്കങ്ങളും അടക്കങ്ങളും എന്നുവേണ്ട ഉദ്ദേശ്യലക്ഷ്യങ്ങളും വിചാരവികാരങ്ങളും വരെ, എല്ലാം കൃത്യമായും സമ്പൂർണമായും രേഖപ്പെടുത്തിയ ഒരു പട്ടിക നാം തയ്യാറാക്കുന്നുണ്ടായിരുന്നു. യാതൊരു സംഗതിയും അതിൽനിന്ന് വിട്ടുപോയിരുന്നില്ല. അതേപ്പറ്റി ചിന്തിക്കാതെ, തന്റെ ഇഷ്ടവും അഭിലാഷവുമനുസരിച്ച് എന്തും ചെയ്യാവുന്ന ഒരു അരാജകപ്രപഞ്ചത്തിലാണ് താനെന്നും തനിക്ക് ഒരു വിചാരണയെയും നേരിടേണ്ടതില്ലെന്നും കരുതി ജീവിക്കുകയായിരുന്നു ഈ മനുഷ്യൻ.

| فَذُوقُوا فَلَن نَّزِيدَكُمْ إِلَّا عَذَابًا ﴿٣٠﴾<br>ഫ ദൂഖൂ ഫലൻനസീദകും ഇല്ലാ അദാബാ | | |
|---|---|---|
| إِلَّا عَذَابًا | فَلَن نَّزِيدَكُمْ | فَذُوقُوا |
| ഇല്ലാ അദാബാ | ഫലൻനസീദകും | ഫ ദൂഖൂ |
| ശിക്ഷയല്ലാതൊന്നും | നിങ്ങൾക്കു വർധിപ്പിച്ചു തരാനില്ല | അതിനാൽ നിങ്ങൾ അനുഭവിച്ചുകൊള്ളുക |

**30- അതിനാൽ നിങ്ങൾ അനുഭവിച്ചുകൊള്ളുക. നിങ്ങൾക്കു ശിക്ഷയല്ലാതൊന്നും വർധിപ്പിച്ചു തരാനില്ല.**

| إِنَّ لِلْمُتَّقِينَ مَفَازًا ﴿٣١﴾<br>ഇന്ന ലിൽ മുതഖീന മഫാസാ | |
|---|---|
| مَفَازًا | إِنَّ لِلْمُتَّقِينَ |
| മഫാസാ | ഇന്ന ലിൽ മുതഖീന |
| വിജയം | നിശ്ചയം, ഭക്തന്മാർക്കുണ്ട് |

**31- നിശ്ചയം, ഭക്തന്മാർക്ക് വിജയം ഉറപ്പ്.**

വിചാരണയെ പ്രതീക്ഷിക്കാത്തവരും ദൈവികസൂക്തങ്ങളെ തള്ളിപ്പറയുന്നവരുമായ ആളുകളുടെ വിപരീതമായിട്ടാണ് ഇവിടെ ഭക്തജനം എന്ന പദം ഉപയോഗിച്ചിട്ടുള്ളത്. അതുകൊണ്ട് ഈ പദംകൊണ്ട് വിവക്ഷിക്കുന്നത് അനിവാര്യമായും, ദൈവിക സൂക്തങ്ങളെ വിശ്വസിച്ചംഗീകരിക്കുകയും തങ്ങളുടെ കർമങ്ങൾക്ക് ഒരിക്കൽ സമാധാനം പറയേണ്ടിവരുമെന്ന വിചാരത്തോടെ ജീവിതം നയിക്കുകയും ചെയ്യുന്നവരാകുന്നു.

| حَدَائِقَ وَأَعْنَابًا ﴿٣٢﴾<br>ഹദാഇഖ വ അഅനാബാ | |
|---|---|
| وَأَعْنَابًا | حَدَائِقَ |
| വ അഅനാബാ | ഹദാഇഖ |
| മുന്തിരിക്കുലകളും | സ്വർഗത്തോപ്പുകൾ |

**32- അവർക്ക് സ്വർഗത്തോപ്പുകളും മുന്തിരിക്കുലകളുമുണ്ട്.**

| وَكَوَاعِبَ أَتْرَابًا ﴿٣٣﴾<br>വ കവാഇബ അത്റാബാ | |
|---|---|
| أَتْرَابًا | وَكَوَاعِبَ |
| അത്റാബാ | വ കവാഇബ |
| തുല്ല്യ വയസ്കരായ | തരുണികൾ |

**33- വയസ്സൊത്ത തരുണികളും.**

സ്വർഗീയ വനിതകളെല്ലാവരും ഒരേ പ്രായക്കാരും എന്നെന്നും ഒരേ പ്രായത്തിൽ നിലകൊള്ളുന്നവരുമായിരിക്കും. ഈ സ്ത്രീകളുടെ ഭർത്താക്കൻമാരും എല്ലാം സമപ്രായക്കാരായി പുനഃസൃഷ്ടിക്കപ്പെട്ടുവെന്നു വരാം. ഈ ആശയത്തിൽ ഒരു ഹദീസുണ്ട്: ''സ്വർഗാവകാശികൾ സ്വർഗത്തിൽ കടക്കുമ്പോൾ അവരുടെ ശരീരം രോമശൂന്യവും ദന്തനിര ശുഭ്രവുമായിരിക്കും. താടി മുളച്ചിരിക്കില്ല. ശരീരം വെളുത്തതും വടിവൊത്തതുമായിരിക്കും. കണ്ണിൽ സുറുമയിട്ടിരിക്കും. എല്ലാവരും 33 വയസ്സുകാരായിരിക്കും''.

| وَكَأْسًا دِهَاقًا ﴿٣٤﴾<br>വ കഅസൻ ദിഹാഖാ | |
|---|---|
| دِهَاقًا | وَكَأْسًا |
| ദിഹാഖാ | വ കഅസൻ |
| നിറഞ്ഞ | കോപ്പകളും |

**34- നിറഞ്ഞ കോപ്പകളും.**

| لَّا يَسْمَعُونَ فِيهَا لَغْوًا وَلَا كِذَّابًا ﴿٣٥﴾<br>ലാ യസ്മഊന ഫീഹാ ലഗ്‌വൻ വലാ കിദ്ദാബാ | | | |
|---|---|---|---|
| وَلَا كِذَّابًا | لَغْوًا | فِيهَا | لَّا يَسْمَعُونَ |
| വലാ കിദ്ദാബാ | ലഗ് വൻ | ഫീഹാ | ലാ യസ്മഊന |
| വ്യാജ്യഭാഷണവും | പൊയ്മൊഴി | അതിൽ | അവർ കേൾക്കുകയില്ല |

**35- അവരവിടെ പൊയ്മൊഴികളോ വിടുവാക്കുകളോ കേൾക്കുകയില്ല.**

സ്വർഗസ്ഥരുടെ കാതുകൾ വ്യാജവും അവിവേകവും നികൃഷ്ടവുമായ സംസാരങ്ങൾ കേൾക്കുന്നതിൽനിന്ന് സുരക്ഷിതമായിരിക്കുമെന്നത്, മഹത്തായ സ്വർഗീയാനുഗ്രഹങ്ങളിലൊന്നായി വിശുദ്ധ ഖുർആൻ പലയിടത്തും എണ്ണിയിട്ടുണ്ട്. അവിടെ അശ്ലീലഭാഷണങ്ങളും ആഭാസജൽപനങ്ങളുമില്ല. ഏഷണികളും പിറുപിറുപ്പുകളുമില്ല. ആരും ആരോടും കള്ളംപറയില്ല. ആരും ആരുടെ പേരിലും കള്ളം ആരോപിക്കുകയുമില്ല. ഭൗതികലോകത്ത് കാണപ്പെടുന്ന വാക്കേറ്റത്തിന്റെയും കുറ്റാരോപണത്തിന്റെയും അഭിശംസയുടെയും ശകാരത്തിന്റെയും വ്യാജഭാഷണത്തിന്റെയുമൊക്കെ പ്രളയത്തിന്റെ യാതൊരടയാളവും അവിടെ കാണുകയില്ല. അവിടെ മനുഷ്യൻ കേൾക്കുന്നതെന്തും നന്മയും യുക്തിസഹവും സുന്ദരമായതും മാത്രമായിരിക്കും. ഇഹലോകത്ത് യഥാർഥത്തിൽ വിശുദ്ധവും ആരോഗ്യകരവുമായ അഭിരുചികൾ പുലർത്തുന്നവർക്കേ ഈ അനുഗ്രഹത്തിന്റെ മൂല്യം മനസ്സിലാക്കാൻ കഴിയൂ. കാരണം, ഏതു നേരത്തും തന്റെ ചെവി പരദൂഷണം, ശണ്ഠ, ആഭാസം, തിന്മകൾ, കളവുകൾ, ലൈംഗികത എന്നിവയുടെ ശബ്ദങ്ങളിൽനിന്നും സുരക്ഷിതമാകാത്ത ഒരു വൃത്തികെട്ട സമൂഹത്തിൽ ജീവിക്കേണ്ടിവരുന്നത് മനുഷ്യനെ സംബന്ധിച്ചേടത്തോളം എത്ര വലിയ യാതനയാണെന്ന് മനസ്സിലാക്കാൻ അവർക്കേ കഴിയൂ.

| جَزَاءً مِّن رَّبِّكَ عَطَاءً حِسَابًا ﴿٣٦﴾<br>ജസാഅൻ മിൻ റബ്ബിക അത്വാഅൻ ഹിസാബാ | | | |
|---|---|---|---|
| حِسَابًا | عَطَاءً | مِّن رَّبِّكَ | جَزَاءً |
| ഹിസാബാ | അത്വാഅൻ | മിൻ റബ്ബിക | ജസാഅൻ |
| മതിയായ | ഔദാര്യമായും | നിന്റെ നാഥങ്കൽനിന്നുള്ള | പ്രതിഫലമായി |

**36- നിന്റെ നാഥങ്കൽനിന്നുള്ള പ്രതിഫലവും, മതിയായ ഔദാര്യവുമായിക്കൊണ്ട്.**

പ്രതിഫലത്തിനുശേഷം മതിയായ ഔദാര്യം നൽകുമെന്ന് പറഞ്ഞതിന് ഇങ്ങനെ അർഥമുണ്ട്: അവരുടെ സൽക്കർമങ്ങൾ അർഹിക്കുന്ന പ്രതിഫലം മാത്രമല്ല നൽകുക. കൂടുതലായി അവർക്ക് വേണ്ടുവോളം ഔദാര്യമായും നൽകുന്നതാണ്. എന്നാൽ, നരകാവകാശികളെക്കുറിച്ച്, അവർക്ക് അവരുടെ ചെയ്തികൾക്കു മതിയായ ശിക്ഷ നൽകുമെന്നേ പറയുന്നുള്ളൂ. അതായത്, അവരുടെ കുറ്റങ്ങൾക്ക് അർഹിക്കുന്നതിൽ കുറഞ്ഞതോ കൂടിയതോ ആയ ശിക്ഷ നൽകില്ല. ഇക്കാര്യം വിശുദ്ധഖുർആൻ പലയിടങ്ങളിലും വളരെ വ്യക്തമായി പ്രസ്താവിച്ചിട്ടുണ്ട്.

| رَّبِّ السَّمَاوَاتِ وَالْأَرْضِ وَمَا بَيْنَهُمَا الرَّحْمَٰنِ ۖ لَا يَمْلِكُونَ مِنْهُ خِطَابًا ﴿٣٧﴾<br>റബ്ബി സ്സമാവാതി വൽ അർദി വമാ ബൈനഹമർ റഹ്മാനി ലാ യംലികൂന മിൻഹു ഹിത്വാബാ | | | |
|---|---|---|---|
| وَمَا بَيْنَهُمَا | وَالْأَرْضِ | السَّمَاوَاتِ | رَّبِّ |
| വമാ ബൈനഹുമാ | വൽ അർദി | അസ്സമാവാതി | റബ്ബി |
| അവയ്ക്കിടയിലുള്ളവയുടെയും | ഭൂമിയുടെയും | ആകാശങ്ങളുടെ | നാഥൻ |
| خِطَابًا | مِنْهُ | لَا يَمْلِكُونَ | الرَّحْمَٰنِ |
| ഹിത്വാബാ | മിൻഹു | ലാ യംലികൂന | അർറഹ്മാനി |
| സംഭാഷണം | അവനുമായി | നടത്താനാവില്ല | ദയാപരൻ |

**37- അവൻ, ആകാശഭൂമികളുടെയും അവയ്ക്കിടയിലുള്ളവയുടെയും നാഥനാണ്. ദയാപരൻ. അവനുമായി നേരിൽ സംഭാഷണം നടത്താനാർക്കുമാവില്ല.**

അതായത്, ദൈവിക കോടതിയുടെ വിചാരണാസഭയിലെ അവസ്ഥ അത്യന്തം ഗംഭീരവും ഭീതിദവുമായിരിക്കും. ഭൂവാസികൾക്കാവട്ടെ വാനവാസികൾക്കാകട്ടെ, അല്ലാഹുവിന്റെ സമക്ഷം വാതുറന്നു വല്ലതും പറയാനോ കോടതിനടപടിയിൽ ഇടപെടാനോ യാതൊരു പഴുതുമുണ്ടായിരിക്കുകയില്ല.

| يَوْمَ يَقُومُ الرُّوحُ وَالْمَلَائِكَةُ صَفًّا ۖ لَّا يَتَكَلَّمُونَ إِلَّا مَنْ أَذِنَ لَهُ الرَّحْمَٰنُ وَقَالَ صَوَابًا ﴿٣٨﴾<br>യൗമ യഖൂമുർറൂഹു വൽ മലാഇകതു സ്വഫ്ഫൻ ലാ യതകല്ലമൂന ഇല്ലാ മൻ അദിന ലഹുർറഹ്മാനു വ ഖാല സ്വവാബാ | | | | |
|---|---|---|---|---|
| إِلَّا مَنْ | لَّا يَتَكَلَّمُونَ | صَفًّا | الرُّوحُ وَالْمَلَائِكَةُ | يَوْمَ يَقُومُ |
| ഇല്ലാ മൻ | ലാ യതകല്ലമൂന | സ്വഫ്ഫൻ | അർറൂഹു വൽ മലാഇകതു | യൗമ യഖൂമു |
| അവനല്ലാതെ | സംസാരിക്കുന്നതല്ല | അണിയണിയായി | ആത്മാവും മാലാഖമാരും | നിലകൊള്ളും നാളിൽ |
| صَوَابًا | وَقَالَ | الرَّحْمَٰنُ | لَهُ | أَذِنَ |
| സ്വവാബാ | വ ഖാല | അർറഹ്മാനു | ലഹു | അദിന |
| ശരിയായത് | പറയുകയും ചെയ്തു | കരുണാവാരിധി | അവന് | അനുമതിനൽകി |

**38- ആത്മാവും മലക്കുകളും അണിയണിയായി നിലകൊള്ളും നാളിൽ ആ കരുണാവാരിധി അനുമതി കൊടുക്കുകയും, ശരിയായത് പറയുകയും ചെയ്യുന്നവനല്ലാതെ യാതൊരാളും സംസാരിക്കുന്നതല്ല.**

ആത്മാവ് (റൂഹ്) കൊണ്ട് ഇവിടെ ഉദ്ദേശിച്ചിട്ടുള്ളത് മാലാഖ ജിബ്രീലി (അ)നെയാണ്. അല്ലാഹുവിങ്കൽ ജിബ്രീലിന് സവിശേഷം ഉയർന്ന പദവിയുള്ളതുകൊണ്ടാണ് മാലാഖമാരിൽനിന്ന് ജിബ്രീലി(അ)നെ വേർതിരിച്ചു പരാമർശിച്ചത്.

സംസാരമെന്നതുകൊണ്ട് ഉദ്ദേശ്യം ശുപാർശയാകുന്നു. അത് രണ്ട് ഉപാധികളോടെ മാത്രമേ സാധ്യമാകൂ. ഒന്ന്: ഏതു കുറ്റക്കാരനു വേണ്ടി ശുപാർശ ചെയ്യാൻ അല്ലാഹു അവർക്ക് അനുമതി നൽകുന്നുവോ അയാൾക്കേ (അതും ആ കുറ്റക്കാരനുവേണ്ടി മാത്രം) ശുപാർശ ചെയ്യാൻ കഴിയൂ. രണ്ട്: ശുപാർശകൻ പറയുന്നത് ശരിയും ഉചിതവുമായ കാര്യമായിരിക്കണം; അനുചിതമായ ശുപാർശകൾ പാടില്ല. ആർക്കുവേണ്ടിയാണോ അയാൾ ശുപാർശ ചെയ്യുന്നത്, അവൻ ഭൗതികലോകത്ത് നന്നെച്ചുരുങ്ങിയത് സത്യവചനം സ്വീകരിച്ചവനെങ്കിലും ആയിരിക്കണം. അതായത്, അവൻ കുറ്റവാളിയേ ആകാവൂ. സത്യനിഷേധി ആയിരിക്കരുത്.

ഇന്ന മഹാൻ ശുപാർശ ചെയ്ത് നമ്മെ രക്ഷിക്കും, ഇന്ന മഹാൻ ദൈവത്തിന്റെ പ്രിയപ്പെട്ട ആളാണ്, അദ്ദേഹം എങ്ങനെയെങ്കിലും തന്റെ ആശ്രിതരെ രക്ഷിക്കാതിരിക്കുകയില്ല എന്നിങ്ങനെയുള്ള പ്രതീക്ഷകളെ അവലംബമാക്കി കുത്തിയിരിക്കുന്ന ജനത മഹാ വിവരക്കേടിലാണ്. ആ മഹത്തായ നീതിപീഠത്തിനുമുമ്പിൽ ഒരു മഹാമനുഷ്യനും, മഹാന്മാരിൽ മഹാന്മാരായ മലക്കുകൾ വരെ ശ്വാസംവിടുക പോലുമില്ല. ആർക്കെങ്കിലും വല്ലതും പറയാൻ സാധിക്കുമെങ്കിൽ അത് വിധികർത്താക്കളിൽ ഉത്തമനായ അല്ലാഹ സ്വന്തം നിലയിൽ വല്ലവർക്കും സംസാരിക്കാൻ അനുവാദം നൽകുമ്പോൾ മാത്രം. അല്ലാഹവിങ്കൽ ഏതെങ്കിലും തരത്തിൽ സ്വാധീനം ചെലുത്താമെന്ന് വിശ്വസിച്ചുകൊണ്ട് അല്ലാഹ അല്ലാത്തവരുടെ ആസ്ഥാനങ്ങളിൽ നേർച്ചയും വഴിപാടും അർപ്പിക്കുന്നവരും അവരുടെ ശുപാർശകളെ അവലംബിച്ചുകൊണ്ട് സ്വന്തം കർത്തവ്യങ്ങളിൽ വിമുഖത കാണിക്കുന്നവരും അവിടെ തികച്ചും നിരാശരാകേണ്ടി വരും.

| | | | |
|---|---|---|---|
| ذَٰلِكَ الْيَوْمُ الْحَقُّ ۖ فَمَن شَاءَ اتَّخَذَ إِلَىٰ رَبِّهِ مَآبًا﴿٣٩﴾<br>ദാലികൽ യൗമുൽ ഹഖ് ഫമൻ ശാഅത്തഹദ ഇലാ റബ്ബിഹി മആബാ | | | |
| اتَّخَذَ | فَمَن شَاءَ | الْحَقُّ | ذَٰلِكَ الْيَوْمُ |
| ഇത്തഹദ | ഫമൻ ശാഅ | അൽ ഹഖ് | ദാലികൽ യൗമു |
| അവലംബിക്കട്ടെ | അതിനാൽ ഇഷ്ടമുള്ളവൻ | സത്യമാകുന്നു | ആ ദിനം |
| مَآبًا | | إِلَىٰ رَبِّهِ | |
| മആബാ | | ഇലാ റബ്ബിഹി | |
| മടങ്ങാനുള്ള മാർഗം | | തന്റെ നാഥങ്കലേക്ക് | |

**39- ആ ദിനം തികഞ്ഞ സത്യമാകുന്നു. അതിനാൽ ഇഷ്ടമുള്ളവൻ തന്റെ നാഥങ്കലേക്ക് മടങ്ങാനുള്ള മാർഗമവലംബിക്കട്ടെ.**

| | | | | |
|---|---|---|---|---|
| إِنَّا أَنذَرْنَاكُمْ عَذَابًا قَرِيبًا يَوْمَ يَنظُرُ الْمَرْءُ مَا قَدَّمَتْ يَدَاهُ وَيَقُولُ الْكَافِرُ يَا لَيْتَنِي كُنتُ تُرَابًا ﴿٤٠﴾<br>ഇന്നാ അൻദർനാകും അദാബൻ ഖരീബാ, യൗമ യൻദുറുൽ മർഉ മാ ഖദ്ദമത് യദാഹു ഫ യഖൂലുൽ കാഫിറു യാ ലൈതനീ കുൻതു തുറാബാ | | | | |
| يَوْمَ | قَرِيبًا | عَذَابًا | أَنذَرْنَاكُمْ | إِنَّا |
| യൗമ | ഖരീബാ | അദാബൻ | അൻദർനാകും | ഇന്നാ |
| ദിനം | ആസന്നമായ | ശിക്ഷ | നാം നിങ്ങൾക്ക് താക്കീതു നൽകി | തീർച്ചയായും നാം |
| يَدَاهُ | قَدَّمَتْ | مَا | الْمَرْءُ | يَنظُرُ |
| യദാഹു | ഖദ്ദമത് | മാ | മർഉ | യൻദുറുൽ |
| തന്റെ ഇരു കരങ്ങളും | മുൻകൂട്ടി ചെയ്തു വെച്ചത് | ഒന്ന് | മനുഷ്യൻ | നോക്കിക്കാണും |
| تُرَابًا | كُنتُ | يَا لَيْتَنِي | الْكَافِرُ | وَيَقُولُ |
| തുറാബാ | കുൻതു | യാ ലൈതനീ | അൽ കാഫിറു | വ യഖൂലു |
| മണ്ണ് | ഞാനായി | ഞാനാണെങ്കിൽ | സത്യനിഷേധി | പറയും |

**40- ആസന്നമായ ശിക്ഷയെ സംബന്ധിച്ച് തീർച്ചയായും നാം നിങ്ങൾക്ക് താക്കീതു നൽകികഴിഞ്ഞു. മനുഷ്യൻ തന്റെ ഇരു കരങ്ങളും ചെയ്തുവെച്ചത് നോക്കിക്കാണും ദിനം. അന്ന് സത്യനിഷേധി പറയും: "ഞാൻ മണ്ണായിരുന്നെങ്കിൽ എത്ര നന്നായേനെ."**

പ്രത്യക്ഷത്തിൽ ഒരാൾക്ക് ഇങ്ങനെ ചിന്തിക്കാം: ഇവിടെ അഭിസംബോധന ചെയ്യപ്പെടുന്നവർ മൺമറഞ്ഞിട്ട് ഇപ്പോൾ പതിനാലു നൂറ്റാണ്ടുകൾ കഴിഞ്ഞിരിക്കുന്നു. ഉയിർത്തെഴുന്നേൽപ് ഇനിയും എത്ര നൂറ്റാണ്ടുകൾ അല്ലെങ്കിൽ സഹസ്രാബ്ദങ്ങൾ അതുമല്ലെങ്കിൽ ലക്ഷം കൊല്ലങ്ങൾ കഴിഞ്ഞാണ് സംഭവിക്കുകയെന്ന് ഇനിയും പറയാനാവുന്നില്ല. എങ്കിൽ പിന്നെ ഏതർഥത്തിലാണിവിടെ, താക്കീതു ചെയ്യപ്പെടുന്ന ശിക്ഷ അടുത്താണെന്നു പറഞ്ഞത്? സൂറയുടെ തുടക്കത്തിൽ അടുത്തുതന്നെ അവർ അറിഞ്ഞുകൊള്ളുമെന്നു പറഞ്ഞത് എന്തർഥത്തിലാണ്? ഈ ചോദ്യത്തിനുള്ള മറുപടി ഇതാണ്: മനുഷ്യന്റെ കാലബോധം, അവൻ ഭൗതികലോകത്ത് സ്ഥല-കാലപരിധികൾക്കകത്ത് സശരീരനായി ജീവിതം നയിക്കുന്ന അവസ്ഥയിൽ മാത്രമേ നിലനിൽക്കുന്നുള്ളൂ. മരണാനന്തരം അവൻ ആത്മമാത്രനായി തീരുമ്പോൾ അവനിൽ കാലബോധം ശേഷിക്കുകയില്ല. അന്ത്യനാളിൽ വീണ്ടും സശരീരനായി ഉയിർത്തെഴുന്നേൽക്കുമ്പോൾ അവന് തോന്നുക, അൽപം നേരത്തെ ഉറങ്ങാൻ കിടന്ന തന്നെയിതാ ആരോ വിളിച്ചുണർത്തിയിരിക്കുന്നുവെന്നാണ്. എത്രയോ സഹസ്രാബ്ദങ്ങൾക്കുശേഷം പുനരുജ്ജീവിച്ചിരിക്കുകയാണ് താനെന്ന് അവന് തോന്നുകയേ ഇല്ല.

കർമ്മ പുസ്തകങ്ങൾ നല്കപ്പെടുകയും വിചാരണയെ അഭിമുഖീകരിക്കുകയും തനിക്കൊരുക്കപ്പെട്ട ഭയാനകമായ നരകാഗ്നി കാണുകയും ചെയ്യുമ്പോൾ അന്ന് സത്യനിഷേധി പറയും ഇഹലോകത്ത് ജനിക്കുകയേ ചെയ്യാതിരുന്നില്ലെങ്കിൽ! അല്ലെങ്കിൽ ഉയിർത്തെഴുന്നേൽക്കാനിടയാവാതെ, മരിച്ച് മണ്ണിൽത്തന്നെ അലിഞ്ഞുകിടന്നിരുന്നെങ്കിൽ എന്ന്.